ॐ

അഹം ബ്രഹ്മേതി നിശ്ചിത്യ
അഹംഭാവം പരിത്യജ

# പ്രബോധ ശ്രീധരം


പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P.O , പുതുപ്പള്ളി

**കായംകുളം**

ഓം

# പ്രബോധ ശ്രീധരം

പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P.O., പുതുപ്പള്ളി

കായംകുളം

Malayalam
PRABODHA SREEDHARAM

Author:
SADHU SREEDHARAN

Published by:
SREEDHARADESAM TRUST
Govindamuttam P. O.
Puthuppally, Kayamkulam.

Printed at:
A. B. Press,
Chengannur.

Copies 500

Copyright Reserved
31 AUGUST 1994

Phone: 3465 Kayamkulam



ഓം

ശ്രീ ഗുരവേ നമഃ

# പ്രബോധ ശ്രീധരം

വേദാന്തത്തിനെ കുഞ്ഞുങ്ങൾക്ക് കഞ്ഞി ആററി ആററി കൊടുക്കും പോൽവിളമ്പിത്തരാം. അതാഹരിച്ച് ശ്രദ്ധയാ മുന്നേറുക. സമാധിയും, ഉന്നതസമാധികളും, അറിഞ്ഞു തെളിഞ്ഞവസ്ഥകളും എല്ലാമെല്ലാമൊന്നൊന്നായി പറഞ്ഞതാണെന്നാണെൻെറ ഓർമ്മ.

ബ്രഹ്മമേബ്രഹ്മമേ ബ്രഹ്മമേ
ബ്രഹ്മമായ് താനായ് തന്നെഇരുന്നാലും.

മണ്ണുവാരിഅങ്ങെറിഞ്ഞാലും
കല്ലെടുത്തങ്ങെറിഞ്ഞാലും
ബ്രഹ്മമായ്തന്നെ നീ എന്നും
എന്നുമെന്നും നിലകൊള്ളണേ.

ആത്മപൂരംമുഴക്കീടും
മഹാശയനവൻ തല
വെട്ടിരണ്ടാക്കിവിട്ടാലും
മഹാത്മാവുകുലുങ്ങില്ല.

ത്തുടങ്ങാംഞാൻപറഞ്ഞുതരാം
സമാധിതൻവിവിധ വശം
അത്ഭുതപ്പടികേട്ടുപോം.

അമ്മ രാരിരാ പാടി ഉറക്കുമ്പോഴും
കുഞ്ഞു രാരിരാ പാടി ഉറങ്ങുമേ
അതുതാനാദിസമാധി
അതുതാനാനന്ദരസാമൃതലും.
ഇതുതൊട്ടിലാട്ടമതാണെല്ലോ
ആട്ടാതെ ആട്ടംനിത്യമവൻ
ആനന്ദമൂറി ഉറങ്ങുമേ.

ബോധമില്ലാഴ്മ ബാധിച്ചാൽ
സന്നിപാതമതാകുമേ
ഇതുമാററിഎടുക്കേണം,
നിദ്രബാധിച്ച ഭൂതത്താൻ
വീണ്ടും ജന്മമെടുക്കുമേ.
നിദ്രമാററിയെടുത്തെന്നാൽ
സുഖദായിനിയാണെടോ.

ഇതുപത്തുംപതിനഞ്ചും
ഇരുപതുമെന്നല്ലെത്രമേൽ
വേണേലുംനീളമേ
ദോലകസമാധിയെന്നോ
ഊഞ്ഞാൽ തൊട്ടിസമാധിആയാലും
ഇതുകാലംമുതല്ലേസമാധി
മണമേററങ്ങ് സുഖനിദ്ര അതുചെയ്യുമേ.

ഘോരമാരിതുടങ്ങുമ്പോൾ
പോച്ചക്കാടുനിറഞ്ഞീടും
വിചാരദൂഷ്യംവന്നെന്നാൽ
ശാന്തിഅററങ്ങലയുമേ
വിചാരദൂഷ്യംവിടത്തിയാൽ
ആനന്ദക്കൂട്ടുകിട്ടുമേ.

പിന്നെസമാധിചെയ്യേണം
യോഗപ്പടിമഹാമതേ.
അതിൻെറവിലസലാണുണ്ണീ
പരിമളംവീശി പരിലസിപ്പതു്

പണ്ടുപണ്ടൊരുകാലത്തു്
ബാല്യംപിടിച്ചോരുകാലത്തു്
കൂട്ടുവിട്ടുനടന്നങ്ങു്
ദുഃഖംകണ്ടെത്തിസർവദാ
ആരുമില്ലാത്തദേശത്തു്
പ്ലാംമൂട്ടിലോ മാംമൂട്ടിലോ
ഏകാകിയായിരുന്നിട്ടു്
ചവുട്ടികാലചക്രമതേ
എളുപ്പംകറങ്ങില്ലാ ആ അതു്
ദുഃഖംവാട്ടംപിടിക്കയാൽ
തോഷംകണ്ടില്ലൊരേടത്തും
ദുഃഖക്കൂട്ടങ്ങുസർവദാ

ചിന്തിച്ചുഞാൻപലവുരു
എന്തിന്നുഞാൻജനിച്ചിവിടെ
സാധിക്കാനൊന്നെനിക്കില്ലാ
സാധിച്ചില്ലൊട്ടു ഞാനൊന്നും

ഗീതയായി, വാസിഷ്ഠമായ്
ഉപനിഷത്തുംകടഞ്ഞുഞാൻ,
മുഭവാന്നതെളിവെണ്ണ
നുകന്നുശ്രീധരൻസദാ

ദുഃഖമുണ്ടങ്ങകമ്പടിക്ക്
ബോധമുണ്ടുദയസൂര്യോപമം
പകലുംരാവുമൊട്ടും
തികയാത്തമട്ടമതായ്

അറിയില്ലറിയില്ലിതൊന്നുമേ
തന്നെ അറിയാത്തോനന്യമറിയുമോ
തന്നെ അറിഞ്ഞവനാരാനുമുണ്ടുണ്ടോ
ബ്രഹ്മനോ വിഷ്ണുവോ ശ്രീമഹാ–
ദേവനോ ആരാനുമുണ്ടോ
അളന്നു ഹൃദംബരം

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# ഓം

## ശ്രീഗുരവേനമഃ

വേദമാദിഅതാണെങ്കിൽ വേദാന്തമന്ത്യവുമായിടാം. ഋക്കാണവേദത്തിന്നാദി. അതത്രേ ഓം എന്നതു്. അങ്ങനെ ഋക്കുകളെല്ലാം ഓം–ൽ ഉകച്ചുകാട്ടീട്ടു് ഋക്കു് വേദമതാക്കി നാൻ.

ഇനി ഞാൻ പറഞ്ഞവ ഒന്നുവിവരിക്കാം. മന്ത്രമെന്നതു്–യാതൊന്നു സവിശേഷത്തെ നിർവിശേഷത്തിലെത്തിക്കുമോ അതിനെ മന്ത്രമെന്നു പറഞ്ഞോളൂ. യാതൊന്നു സവിശേഷം ബാധിച്ച ജീവനെ അഥവാ ആത്മാവിനെ ദുഃഖം കെടുത്തി, ദുഃഖകാരകനായ വിശേഷനെ ധ്വംസിച്ച് നിർവിശേഷനിലെത്തിക്കുമോ ആ ശബ്ദാന്തമായ ശബ്ദത്തെ മന്ത്രമെന്നുപറഞ്ഞോളൂ. ഇപ്രകാരം ദുഃഖനാശകനും പ്രപഞ്ചോപശമത്തിൽ എത്തിക്കുന്നതുമായ ശബ്ദങ്ങളെ മന്ത്രസമുച്ചയത്തിൽ കണ്ടെത്താം.

ഓം
ഓം ഐം ഹ്രീം ക്ലീം
ചാമുംഡായൈ
വിച്ചേനമഃ

ഓം നമോ നാരായണായ
ഓം നമോ ഭഗവതേ വാസുദേവായ
ഓം ശ്രീം ഹ്രീം ഐം നമോലക്ഷ്മീ
നാരായണാഭ്യാം.

ഇപ്രകാരം അനവധി അനവധി ഓംകാരേ സ്പുടം ചെയ്യമന്ത്രങ്ങളുണ്ട്. വേദം, അദ്ധ്യാത്മരാമായണം-ദേവീ മാഹാത്മ്യം, ലളിതാസഹസ്രനാമം മുതലായ പല ദിവ്യ ഗ്രന്ഥങ്ങളും ഇതു വ്യക്തമാക്കുന്നുണ്ട്.

ഓം

ശ്രീ ഗുരവേ നമഃ

ആദിയില്ലാത്തൊരാരംഭേ
സീമയില്ലാത്തോരുവിസ്തൃതേ
എല്ലാമെല്ലാമായ് പ്രവഹിപ്പേൻ
ഗണ്യാതീതമാംവേഗേന
എവിടേയ്ക്കെന്നാരറിവൂ
എന്തുവേഗമെന്നാരറിവൂ

''പേരിമ്പ സാഗരം പൊങ്ങി മലക്കുമ്പോൾ
നിലയെവിടെ കരയെവിടേ''

ഇവിടെയാണു ജനജീവിതം
ഇവിടെയാണു ജീവിജീവിതം
അമ്പേ ആരറിയുമീലോകത്തേ
അമ്പേ എന്നിട്ടും ലോകത്തിനുഭ്രഷ്ടോ
ഹരേ ഹരഹരാ

പറക്കും ഭംഗികണ്ടിട്ട്
കുട്ടിന്നെത്തുന്ന സത്തുക്കൾ
ചിദാകാശനടുമദ്ധ്യത്തിൽ
അന്തമില്ലാ മഹാകാശേ
ഏകാകിയായി താനായി
സഞ്ചരിച്ചീടുന്നു ശ്രീധരൻ
സഞ്ചരിക്കാനുമെങ്ങുമില്ലിടം
എങ്ങും വ്യാപിച്ചുനില്ക്കയാൽ

രണ്ടാണുദൃശ്യം
എങ്ങുംവ്യാപി
ച്ചതാണൊന്നെങ്കിൽ
എങ്ങുംനിറഞ്ഞ–
ങ്ങുനില്പതത്രേ
മറ്റൊരെണ്ണം

ദൃശ്യം കാണുന്നനേരത്ത്
സഞ്ചരിപ്പതൊരു വാസ്തവം
ദൃശ്യം വിട്ടങ്ങുതാൻതന്നായ്
നില്ക്കുംനേരത്തചഞ്ചലൻ

ചൊല്ലാംഞാൻ
ചിലതെല്ലാം
കേൾക്കുക സോദരബുദ്ധ്യാ
ലോകമൊന്നുണ്ട്
സർവദാ സർവേടവും
അനുഭവിപ്പതായ്
തോന്നുംചിലർക്ക്

അതുഭുജിപ്പതാം
പുഴസമാനമായ്
തോന്നാം ചിലക്കേടോ
ഈശനാണഖിലേശ്വരൻ
അവൻ ഭരിപ്പേൻ സർവദാ

ഓം
ശ്രീ ഗുരവേ നമഃ

അമ്മേ! ഭീകരഭയങ്കരമീലോകം
അന്തമില്ലാവിശാലതാ
അളവില്ലാ മഹാകാലം
ഇതുകാട്ടിവിരട്ടാനോ
അമ്മഎന്നേവിളിച്ചതു്.

വിശ്വവിശാലലോകവും
അതുസമാനകാലവും
എന്നുള്ളിലെൻ ഹൃദയത്തിൽ
ഒളിച്ചങ്ങൊതുക്കിവച്ചിട്ടു്
എന്തെന്നേ കാട്ടുന്നുമാതാവേ

അന്നന്നങ്ങൊരുദിനം
ഭ്രമികാണാതെ വന്നപ്പോഴം

തേററമേലേന്തി നിത്തീട്ട്
താങ്ങിയില്ലേ ജനാർദ്ദനൻ

പിന്നെത്രതവണ ആ
ജലാധിപ മഹാപ്രഭു തൃണം
പോലുള്ള തണ്ടിന്മേൽ
പുഷ്പസമാന ഈ ഭൂമിയേ
നിലയ്ക്കുനിത്തിക്കാട്ടീല്ലേ.
ഈ ഭൂമി രക്ഷിക്കാൻ നില_
കൊള്ളും ശ്രീ അഗസ്ത്യൻ
ഈ ജലമാകെ കൈ
കുമ്പിളും ജലസമാനം
കുടിച്ചുതീർത്തകഥ അമ്മ
അങ്ങുമറന്നുപോയെന്നോ
ത്രിപുരദഹനകാലത്ത്
മായാജലമശേഷവും
കിടാവായ്ചെന്നുകുടിച്ച
കഥ അമ്മ അങ്ങുമറന്നെന്നോ

അന്നന്നങ്ങാ സുകുമാരൻ
ഗുരുഹത്യാശിക്ഷ ഏല്ക്കാൻ
ഉമിത്തീയിൽ നീറിനീറി
പ്രാണൻ ബോധാഗ്നി ആക്കിമാററി
കൃഷ്ണവിലാസം പറഞ്ഞകഥ
അമ്മ അങ്ങു മറന്നെന്നോ

അമ്മേ ചുടലയിൽ
ഭർത്താവിന്നുടൽ വേവുന്നേരത്ത്

അതിൻമീതേ ജ്വലിക്കു
മഗ്നിയിൽ ആ കത്തിക്കാ
ളുന്ന കൊടുംതീയിൽ
സമ്മതമൊട്ടുപോലുമേ
ഇല്ലാത്ത മാതൃദേഹങ്ങരം
പച്ചജീവനോടെ പിടി
ച്ചുണ്ടു് കഴയിൽകെട്ടി
അഗ്നിയിൽ കത്തിപ്പതു
സഹിക്കും മാതാക്കളും
കണ്ടു കരയും ജനങ്ങളും
സഹിച്ചില്ലേ ഇവയെല്ലാം
അതുമിരിക്കട്ടെ ഹിരോഷിമാ
യിലും മററും അണുപോലും
പൊട്ടിവിതറിപോം ഉഗ്ര
ച്ചൂടേറും അഗ്നിയാൽ ആയി_
രമല്ല പതിനായിരമല്ല
ലക്ഷമല്ല അനേകദശ
ലക്ഷം ജീവരാശികളെ
അണുവായു് തീർത്ത ധർമ്മിഷ്ഠർ
വിളയാടുന്ന മഹീതലേ
ശ്രീധരൻ സഹിക്കയല്ലാതേ
സഹികെട്ടാലെന്തുനിർവ്വതി.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

ഓം
ശ്രീ ഗുരവേ നമഃ

അമ്മേ! അമ്മതൻ ലോക
മെന്തെ അമ്മതാന
ങ്ങറിഞ്ഞുവോ
നീറി നീറി പുകയും
കഥയല്ലാതെ മറ്റെന്ത്
ലോകോത്തരമഹാ
പുരുഷരേ ഓരോന്നോ-
രോരോന്നെടുത്തുനോക്കുനീ
എന്തൊരു ദുസ്സഹം ദുഃഖം
കടിച്ചങ്ങമർത്തി ആ പാവങ്ങൾ
കരയാനവർക്ക് പറ്റുമോ
ധീരരല്ലേ അവരുത്തങ്ങൾ

ഓം
ശ്രീ ഗുരവേ നമഃ

ആദി ആദി ഒരുകാലത്ത്
ആരുമില്ലാത്ത കാലത്ത്
ആരുണ്ടാക്കി ഈ ലോകത്തേ
കാര്യകാരണബന്ധങ്ങൾ
എങ്ങനുണ്ടായിവന്നന്ന്

അപൗരുഷേയമീവേദം
അറിവല്ലാതെവചസാ
ക്കി തീർത്തതെങ്ങനെ
ഇവയൊന്നും പറയാതെ
വേദമോതുവതെങ്ങനെ
വേദമോതുന്നതെങ്ങനെ
വേദോദയനേരത്ത് അവ
രൂപംകൊണ്ടതെങ്ങനെ
കടന്നുനന്നായ് ചിന്തിക്കു
രൂപംകൊള്ളാതെ നില
നില്ക്കുന്നവാറതെങ്ങനെ
രൂപംകൊള്ളാതെ ബോധം
നിലനില്ക്കുന്നുണ്ട് സ്പഷ്ടമായ്
അതിനെ ശബ്ദംകേറി
ബന്ധിച്ചവാറതെങ്ങിനെ
ശബ്ദം രൂപമതാംമാർഗ്ഗം
വ്യക്തം ചൊല്ലുവതെങ്ങനെ
ഇവ ഓരോന്നുമോരോന്നും
വ്യക്തം ചൊല്ലുക വ്യക്തമായ്.

നാമം ശബ്ദമതാണെങ്കിൽ
ദൃശ്യം രൂപമതാണെല്ലോ
ഇവതൻചരിത്രം നന്നായ
റിയേണ്ടുന്നതാണെല്ലോ.

വേദത്തെപ്പററി അല്പം പറയുമ്പോഴും ഒട്ടും തെററരു തല്ലോ. വേദോദയകാലമെന്നോ വേദമുദയംചെയ്തുവെന്നോ പറക അനുയോജ്യമല്ല. അതാദിയിലേ ഉണ്ട്.

എന്നാൽ ബോധം ബോധമറിയുന്നുവെന്നുപറഞ്ഞാൽ

ക്ഷന്തവ്യമാണതാനം. ബോധംബോധമറിയുന്ന അത്യന്നത നിലയങ്ങളിൽ ബോധക്കേട്ട വിവരിക്കുക ദുസ്സഹമെന്നു പറയുന്നതു് ക്ഷമിക്കേണ്ടിവരും. അതുപോലെ വേദം വേണ്ടാത്തതു പറയുന്നുവെങ്കിൽ വേദമല്ലാതായിത്തീരും. അതുകൊണ്ടു കുലംകഷമായി ചിന്തിച്ചുവേണം പറയുവാൻ.

ബ്രഹ്മം രണ്ടായി തിരിഞ്ഞതപോലെ അറിയപ്പെട്ടുന്നുണ്ടു്. സവിശേഷവും നിർവിശേഷവും. വേദം നിർവിശേഷത്തെ പറയണമെന്ന ഉദ്ദേശത്തോടുകൂടിയാണോ, അതോ സവിശേഷത്തെ വിവരിക്കലൊണോ, അതോ രണ്ടും ചെയ്യുന്നുണ്ടോ. നിർവിശേഷം വിവരിക്കലസാദ്ധ്യമെന്നുള്ളതുകൊണ്ടു് വേദം സവിശേഷം കൊണ്ടൊതുങ്ങികളുകയാണോ ചെയ്തിരിക്കുന്നതു്.

വെറും കന്നുകാലിക്കാർ പറയും കാര്യം പറയുവാൻ അപൗരുഷേയവേദം വേണമോ, വേദത്തെ ചില വേദവാദികൾ കരുതുന്നതു് "ഇഷ്ടപ്രാപ്തിരനിഷ്ടപരിഹാരയോഃ അലൗകികം ഉപായം യോ വേദയതി സവേദ". ഈ വിധേനയാണു്, ഇതു പൂർണ്ണസമ്മതമാജ്ജിക്കുന്നില്ല. അനന്താശയ സമ്പൂർണ്ണമായ ജ്ഞാനസാഗരത്തിൽ ഊത്തപിടിക്കാനുന്നുന്നതുപോലെയായിപ്പോകുന്നില്ലേ.

ഇങ്ങനെയുള്ള എല്ലാ സംശയത്തിനും നിവാരണം കണ്ടെത്താനുന്നി നമുക്കു വിചിന്തനം ചെയ്തുനോക്കാം. ഒക്കുന്നെങ്കിൽ ഒക്കട്ടേ, അല്ലേലൊക്കുന്നപോലെ ഒക്കട്ടേ. പരിശ്രമിച്ചുനോക്കാം.

ആദ്യമവശേഷിച്ചിരുന്നതാരു് വേദമോ വേദവിഷയങ്ങളോ വേദവിധാതാവോ. ഇവിടം സ്ഫുടം ചെയ്തുനീങ്ങിയാൽ നമുക്കു കുറെ ഏറെനീങ്ങാം, മാത്രമല്ലാ അറിവിന്റെ അതിരഹസ്യ ഉറവകളും കണ്ടെത്താനും സാധിച്ചേക്കാം.

വേദമാണാദ്യമെങ്കിൽ അതായതറിവാണാദിയിലെങ്കിൽ ഉപാധി രഹിതജ്ഞാനത്തിന് വിഷയം കൂടാതെ നില്ക്കാം. എന്നാൽ പ്രകടനത്തിന് അതായത് ലൗകിക വിശദീകരണത്തിന് ഉപാധി കണക്കിലെടുക്കേണ്ടിവന്നേക്കാം. പക്ഷേ അതാദ്യമല്ല രണ്ടാമതാണ്. അതായതാദിയിലല്ലെന്നർത്ഥം. ഇവിടെയെല്ലാം ബോധമാണ് മുന്നിട്ടുനില്ക്കുന്നത്.

എന്നാൽ വേദവും വിഷയങ്ങളും വേദവിധാതാവിനോട് എങ്ങനെ നില്ക്കുന്നു എന്നറികതന്നെവേണം. അതന്വേഷിക്കാം. എന്നാൽ വേദവും വിഷയവും വേദവിധാതാവിന്റെ വിഷയങ്ങളാംതന്നെ അല്ലേ എന്ന് ശങ്കിക്കേണ്ടിവരും. അതിനെന്തു കഥിക്കും. ഇതും ഗഹനമായ ഒരു വിഷയമാണ് ഇവിടേയും നമുക്കു കടന്നുചെല്ലാം. ധാതാവിന്റെ നില സകലത്തേയും ധരിച്ചിരിക്കുന്നവൻ പോഷിപ്പിക്കുന്നവൻ എന്നുവരുന്നു. എന്നാൽ ബോധത്തെ ധരിക്കുന്നവൻ എന്നറിഞ്ഞാൽ പോരാ പിന്നയോ ബോധമായി തന്നെ അറിയണം എന്നാണ് ശ്രീധരൻ കരുതുന്നത്. അപ്പോൾ ധാതാ ആത്മാവാകും അതോടൊപ്പം ബോധവുമാകും. ആത്മാ,ബോധം എന്നും മററും പറയുന്നത് പര്യായം പോലെ എന്നു ഗണിക്കേണ്ടിവരും.

വേദം ആദിയിലേ ഉള്ളത്. വിഷയത്തിനും മുമ്പുള്ളത്. കാരണം ബോധം നിലനില്ക്കാൻ ഉപാധിവേണ്ടാ, ഉപാധിരഹിതം ബോധമാണല്ലോ. എന്നാൽ ബോധരഹിതമുപാധി എന്നുവരുകയില്ലാ. ബോധമില്ലാതെ ഉപാധി നിലനില്ക്കാമെന്നാരും തെളിയിച്ചിട്ടില്ല. എന്തെന്നാൽ ആദിയിൽ ബ്രഹ്മം — ആത്മാ — അഹം — ബോധം - മാത്രമേ നിലനിന്നിരുന്നുള്ളു.

ഉള്ളതില്ലാത്തതാകയില്ല ഒരു നാളും
ഇല്ലാത്തതൊട്ടുണ്ടാകയുമില്ലൊരുനാളും

ആയപോലെ വേദം അറിവ് ഉള്ളതായ വസ്തുതത്വം. അല്ലാതെ മറെറാരു വസ്തുതത്വം ഇല്ലാതിരുന്നിരുന്നതിനാൽ പിന്നീടൊട്ടുണ്ടാകാനും സാദ്ധ്യതയില്ല. ബോധമൊട്ട് ഇല്ലാതിരിക്കലും സാദ്ധ്യമല്ല എന്നാൽ ബ്രഹ്മത്തിൽ പ്രപഞ്ചതത്വം അഥവാ മായാതത്വമെപ്പോഴുമുണ്ടായിരിക്കകൊണ്ടു് വസ്തുതത്വമായി പ്രപഞ്ചമായ് പ്രത്യക്ഷമായറിയപ്പെടുന്നു, ഇവിടെ മായയേയുമല്പം പറയേണ്ടതുണ്ടു്. മായ എന്താണു് —ശരിയല്ലാത്തതു്— സത്യമല്ലാത്തതു്—തെറെന്നുപറഞ്ഞാൽ പററാത്തതു് യാതൊന്നോ അതിനെ മായയെന്നുകണക്കിലെടുത്തുകൊള്ള.ഓരോന്നോരോന്നെടുക്കാം.

മുയൽകൊമ്പു്—സത്യത്തിലില്ലെന്നാരും സമ്മതിക്കും പക്ഷേ സങ്കല്പത്തിൽ അതുപററില്ലെന്നുവരുന്നില്ല. മുയൽ കൊമ്പും സങ്കല്പിക്കാം. അങ്ങനെ സങ്കല്പമാത്രൻ.

വന്ധ്യാപുത്രൻ— വന്ധ്യക്കുപുത്രനുണ്ടാകുക സാദ്ധ്യമല്ലല്ലോ. പക്ഷേ ശബ്ദത്തിൽ ആകാം—ആകയാൽ ശബ്ദമാത്രൻ.

രജ്ജുസപ്പം—രജ്ജു സപ്പമാകയില്ലല്ലോ എന്നുവരുകിലും സംഭ്രാന്തനു് കയറിൽ സപ്പം കണ്ടെന്നുവരാം— അങ്ങനെ രജ്ജുസപ്പമെന്നതു് സംഭ്രാന്തമനസ്സിൽ മാത്രം— ആകയാൽ സംഭ്രാന്തമനോമാത്രൻ.

പാൽ തയിരാകലാണൊന്നു്. ഇവിടെ പാൽ മാറി തയിരാകലാണു് ഇവിടെ നാടോടിഭാഷയിൽപോലും പറയുന്നതു് പാൽ പിരിഞ്ഞു് തയിരായിത്തീരലാണു് എന്നാണു്. ഇതു വാസ്തവവുമാണല്ലോ. പാൽ തിരിച്ചു വരാത്തവിധം നശിച്ചു് ഒരു നൂതന പിറവി സംഭവിച്ചതായനുഭവപ്പെടുന്നു. ആയതുപോലെ ആത്മാ അപ്രത്യക്ഷമായിട്ടു് ഒരു ജീവൻ അതിൻെറ എല്ലാവിക്രിയകളോടും അതി

ബഹുലവിസ്തൃതമായ ഒരു ലോകമാണ്ട് നിലകൊള്ളുന്നു. ഇതിന്റെ നിരാകരണം അഥവാ നിഷേധം പൂർണ്ണമായി ട്ടുണ്ടോ? ലോകത്തിൽ കാണുന്ന അഥവാ അറിയപ്പെടുന്ന സകലത്തിനും ബോധത്തിൽ ഉദാഹരണങ്ങളും കണ്ടെത്താം. അതുപോലെ ബോധത്തിലുദയംചെയ്യുന്ന സകലത്തിനും ലോകേ അനുഭവവും കണ്ടെത്താൻ കഴിയും വിധമാണ് പ്രകൃതിനിയമം. ഇതെല്ലാം കണക്കിലെടുത്തു പൊരുളും പറയുകയാണ് വേണ്ടതു്.

എന്നാൽ ലോകത്തിൽ കണ്ടെത്താൻ കഴിയാത്ത തൊന്നും ആത്മാവിൽ അഥവാ ബോധത്തിൽ കണ്ടെത്തുക യില്ലെന്നു പറയുവാൻ ശാസ്ത്രം വിലങ്ങുതടി നില്ക്കുന്നുണ്ട്. ഏതെല്ലാം ലോകത്തിലുണ്ടോ അതും യാതൊന്നു് ലോക ത്തിലില്ലയോ അതും ആത്മാവിലവശേഷിക്കുന്നുണ്ട് എന്നു ശ്രുതിവചനമുണ്ടല്ലോ. ഇതു് നിശിതമായിട്ടന്വേഷിച്ച് സ്ഥാപിക്കുകയോ നിഷേധിക്കുകയോ ചെയ്യണം.

നമുക്കിവിടല്പം പരിശ്രമിച്ചുനോക്കാം. ഇല്ലാത്തതു് ലോകത്തിലില്ലാത്തതാണ്. അഭാവം ലോകേ ഇല്ലാത്ത താണ്. പക്ഷേ അതാത്മാവിലില്ലാത്തതെന്നു പറയുവാൻ പററുകയില്ല. അതിന്റെ യുക്തിയേയും സിദ്ധാന്തത്തേയും ഞാനിവിടെ അവതരിപ്പിക്കാം.

അഭാവം ഇല്ലാത്തതു് ഇല്ലായ്മ. ഇതൊരു വസ്തുതത്വമല്ല. പക്ഷേ ഇല്ലാത്തതു് ഉള്ളതിനെ മറയ്ക്കലാണല്ലോ ചന്ദ്രഗ്രഹ ണത്തിൽ കണ്ടുമുട്ടുന്നതു്. സൂര്യപ്രകാശാഭാവം നിഴലായി തോന്നൽരൂപിയായി നിലകൊള്ളുന്നു. ഈ നിലപാടു കൊണ്ട് വസ്തുതത്വമായി അഭാവത്തെ സിദ്ധാന്തത്തിൽ മതിച്ചുവരുന്നു. അങ്ങനെ മായാതത്വത്തിൽ സങ്കല്പമാത്ര നായും, ശബ്ദമാത്രനായും സംഭ്രാന്തമനോമാത്രനായും പല

തരത്തിൽ ഇല്ലായ്മ ഉടലെടുത്തിട്ടുണ്ട്. ആകകൊണ്ട് ലോകേ കാണാത്തതും ബോധസ്രോതസിൽ കണ്ടെത്തിയെന്നുവരാം. വേറെയും ചിലത് പരിശോധിക്കാം. ബോധമെന്നത് ആത്മമാത്രമായി ആത്മാവിലറിയപ്പെടും വസ്തുതത്വമാണ്; ഇത് പ്രപഞ്ചത്തിലെ തൊണ്ണൂറാറ് തത്വത്തിലൊന്നിലുമോ മൊത്തമായോ ഉൾപ്പെടുന്നതല്ല. എന്നാൽ ഏക അപരിചരിന്നവസ്തുതത്വമാണുതാനും. ഇത് പ്രപഞ്ചേകണ്ടു കിട്ടുംവസ്തുതത്വമല്ലാ. എന്നാൽ മനുഷ്യൻ എന്ന വിചിത്ര സൃഷ്ടിയുടെ ഹൃദയാന്തർഭാഗത്തു് അണുസമാനമായും ബൃഹത്തായും അറിയപ്പെടും വസ്തുതത്വമാണ്. ഒന്നുകൂടി വിശദീകരിക്കാൻനോക്കാം.

ഈ ലോകത്തിൽ അനവധി ജീവജാലങ്ങൾ ഉണ്ടെന്നു വരികിലും അവകളിൽ മനുഷ്യമസ്തിഷ്കംപോലെ മറ്റൊന്നു കണ്ടെത്തിയിട്ടില്ലെന്നുതന്നെ പറയണം. ഇതു് അണുവിലണുവിനേയും ബൃഹത്തിൽ ബൃഹത്തിനേയും ഉൾക്കൊള്ളുന്നുണ്ട്. ഇതു് തടസ്ഥവാദത്തേയല്ല തടസ്ഥപ്രക്രിയ എന്നൊരു അതിശയപ്രക്രിയയോടുകൂടിയതാണ്. ഇതു് ചിലപ്പോൾ നിന്ദിക്കപ്പെടേണ്ടതായും ചിലപ്പോൾ മാനിക്കപ്പെടേണ്ടതായും വരും. ലൗകികദൃഷ്ട്യാപോലും ഈ രണ്ടുവിധങ്ങളും അറിയാൻ സാധിക്കും. അതുമല്ലം പറയാം. ദേവനു് തോന്ന്യവാസത്തിനു് ആകാംക്ഷ ജനിച്ചാൽ അതുസാധിച്ചേ അടങ്ങു. പക്ഷേ മനുഷ്യരാശിക്കു് അവ അടക്കാനും സഹിക്കാനും സാധിക്കാനും കഴിവു കൂടുതൽ കാണാറുണ്ട്. ഇതുമാതിരി പലതും പറയാൻ കാണും.

എന്നാൽ നാമിവിടെയും നിന്നുകൂടാ. നാം കടന്നുപോകേണ്ടും കടമ്പകൾ അനവധിയാണ്, സമാധിയിൽ അല്പം എതാണ്ടു് കണ്ടോ അറിഞ്ഞോ കടന്നുപോയാൽ പോരാ. ആത്മാവിൻെറ സർവ്വയിടവും തൻെറ തന്നെ എന്നറിഞ്ഞു്

അതെല്ലാം താനായറിഞ്ഞു വ്യക്തം നിലകൊള്ളണം. ഇവിടമാണ് നമ്മുടെ സ്വാരാജ്യം. ഇതാണ് നമ്മുടെ സ്വഭാവം. ഇതിന്റെ വിശദീകരണത്തിൽ കടന്നറിഞ്ഞാസ്വദിച്ച് നിത്യനിലയനമായി തീരുകയാണ് സമാധി. ഇവിടെയേ മുക്തിയുള്ളു. ഇതുപറയുമ്പോഴും നാം ഒന്ന് ശരിക്കും ധരിച്ചിരിക്കണം. ഇതെല്ലാം നമ്മിൽ ഇപ്പോഴും തന്നെ ഉള്ളതാണ്. നൂതനമായി ഒന്നും കണ്ടെത്തേണ്ടതായിട്ടില്ല. എന്നാൽ കണ്ടെത്തണം, കണ്ടെത്തിയേപററൂ, കണ്ടെത്താനുള്ള മാർഗ്ഗമാരായണം ഇത്യാദി സംശയവിപരീത ഭാവനകളാകുന്ന ഒരവിദ്യാവടിവ് നാം കണ്ടുകൊണ്ടിരിക്കുന്നു എന്നല്ലാതെ നിത്യമുക്തനിൽ അനിത്യനില്ല — മുക്തിഹീനനില്ല. മുക്തനാകേണ്ടതില്ല. മുക്തൻ മുക്തൻതന്നെ എന്നും.

വീണ്ടും കടന്നുചെല്ലാം. ആത്മാവോ ഇനിയും ആത്മാക്കളെന്നാണു പറയാൻ ഭാവമെങ്കിൽ അങ്ങനെ ഇരിക്കട്ടെ ഇവയെല്ലാം പൂർണ്ണംതന്നെയാണ്. അമൃത് നിറകുടം കുടിച്ചാലുംഅല്പമാത്രം കുടിച്ചാലും അമൃതൻ തന്നെ ആകുമല്ലോ, സൈനൈയിഡ് നിറച്ചുകുടിച്ചാലും അല്പം കഴിച്ചാലും മരണംതന്നെ സംഭവിക്കുമല്ലോ, ഏകാത്മപ്രത്യയസാരം എന്നതു് കളഞ്ഞുകുളിച്ചിട്ട് ആത്മഹത്യയ്ക്കൊരുങ്ങുകയാണ് സർവജീവികളും ചെയ്യുന്നതു്.

നാമൊന്നോർക്കണം, ബോധത്തിൽനിന്നും ബോധമേ ഉണ്ടാകൂ, ബോധക്കേടുണ്ടാകയില്ലതന്നെ. ശ്രീ വസിഷ്ഠൻ പറയുംപോലെ മഹാസമുദ്രത്തിൽനിന്നും ജലമല്ലാതെ പൂഴി പൊങ്ങിടാ. അറിവിൽനിന്നും അറിവല്ലാതെ അറിവുകേടുണ്ടായ്‌വരാ. ബ്രഹ്മത്തിൽനിന്നു ബ്രഹ്മമല്ലാതെബോധക്കേടു പൊങ്ങിവരുകയില്ല. അല്ലാതെ അവിദ്യാ ജടില ജഗത്തുപൊങ്ങിവരാ. 'അവിദ്യ അസ്തമയോമോക്ഷ'

എന്നാപ്തവാക്യത്തെ തെററിധരിക്കരുതു്. ജീവഭാവകല്പന അവിദ്യയാണു്. അതിൻെറ അസ്തമനം അഥവാ തിരോധാനം മോക്ഷം തന്നെ എന്നാണു്, അതുകൊണ്ടു വിവക്ഷിതം.

ഇതു ഞാനല്പംകൂടി വിശദീകരിച്ചുകാട്ടാം. ക്ഷമയാ ശ്രദ്ധയാ കേൾക്കുക. അവിദ്യാ അസ്തമയം എന്നതുകൊണ്ടു ദ്ദേശിക്കുന്നതു് കല്പന നിറുത്തുംസമയം മോക്ഷമാണു്. ആകയാൽ ബ്രഹ്മത്തിൽനിന്നും വെളിക്കുപോകാൻ സാധിക്കാത്ത ബ്രഹ്മംതന്നെ ആയ അഹം—ആത്മാ തൻെറ കല്പന—സങ്കല്പം—അവിദ്യാവീക്ഷണം നിർത്തും സമയം മഹോദയമായ മോക്ഷം ഉദയം ചെയ്യുമെന്നാണു്.

അഹം എന്നതാത്മാവാണു്. ആത്മാവിൽ ബ്രഹ്മമല്ലാതെ മറെറാന്നുമില്ല—ആത്മാ ബ്രഹ്മമാകയാൽ ആത്മാവിനു് വെളിയില്ല അകവുമില്ല. ബ്രഹ്മത്തിനുമതുതന്നെ ആകയാൽ, അതായതു് ഒരേസമയംതന്നെ ഒരുമിച്ചു നിലകൊള്ളുന്നതു്, ഒരുമിച്ചു് ഒന്നായറിയപ്പെടുന്നതുമാണു് ഇവ മൂന്നും അഹം, ആത്മം, ബ്രഹ്മം അഥവാ അകം പുറം ഇടം ഒന്നായാൽ മൂന്നുമൊന്നാണു് എന്നുവന്നുകൂടുംപോലെ. ഈ കാരണങ്ങളാൽ അഹം എന്നുവന്നുകൂടുന്നതും ബ്രഹ്മംതന്നെ, ആത്മാവായറിയേണ്ടതും ബ്രഹ്മംതന്നെ. ബ്രഹ്മവും ബ്രഹ്മം തന്നെ. മൂന്നുവരകൾ ഒന്നിച്ചുനില്ക്കുന്നുവെങ്കിൽ അതു് ഒരു വരതന്നെ. ഇങ്ങനെ വന്നുകൂടിയാൽ മൂന്നും ഒന്നുതന്നെ ഞാനുമാത്മാവും ബ്രഹ്മംതന്നെ. ആകയാൽ കുഴങ്ങുവതാവശ്യമില്ലതന്നെ. ഇപ്രകാരമറിയും പുമാൻ മുക്തൻ തന്നെ. തീയിലിട്ടെരിച്ചാലും മുക്തൻതന്നെ.

ഈ നിലപാടിന്നധികാരി അഹമാണു്, ആത്മാവാണു്, ബ്രഹ്മമാണു്. ഉറയ്ക്കൂ—ഉറയ്ക്കൂ കുഞ്ഞേ.

ഇനിയും നമുക്ക സ്വമേധയാ ചിന്തചെയ്ത് എവിടെ എങ്ങനെ എത്തിച്ചേന്നു അഥവാ എങ്ങനെ എത്തിച്ചേരാമെന്നു നോക്കാം. നാം അപകടത്തിൽപ്പെട്ടിരിക്കയാണോ? നാം ഈ നില എങ്ങനെ കൈപ്പററി? യഥാൎത്ഥത്തിൽ ബ്രഹ്മം ഒന്നേഉള്ള. ആദിയിലായാലും അവസാനമായാലും. സൂര്യനോടൊപ്പം രശ്മിയും പ്രകാശവുമുണ്ടല്ലോ. പക്ഷേ സൂര്യൻ പ്രഭാപ്രകാശ അടിമയല്ല.

ആയപോലെ അഹം മായയ്ക്കടിമയല്ല.

അതുപോലെ അഹം, ആത്മാവാണ്; ബ്രഹ്മമാണ്; അതിന്റെ ശക്തിയായ മായ അഹം, ഞാൻ, എന്നെ വിട്ടു നില്ക്കുക സാദ്ധ്യമല്ലെന്നു വ്യക്തമാക്കിക്കൊള്ളട്ടേ. ഇതിനു ശാസ്ത്രസമ്മതമുള്ളതും കാട്ടാം. സർവസാരോപനിഷത്—

''അനാത്മമൂലം മായാ
സാചബ്രഹ്മണ്യാകാശേ
മേഘാദിരിവദൃശ്യതേ
മായാനാമ അനാദി–
രന്തവതീപ്രമാണാ
പ്രമാണ സാധാരണാ
ന സതീനാസതീനസദ
സത്യനിർവാച്യാധിഷ്ഠാന
ഏവാവിദ്യമാനാന്തർവാണീ
വികല്പ നിരൂപ്യമാണോ
ച്ചാവചവ്യവഹാര ഭേദവതീ
യാനവിദ്യതേവസ്തുതസ്സാമായാ
തൽസ്വരൂപമജ്ഞാനം
തദേവമൂലപ്രകൃതിഃ''

അനാത്മാവിനു കാരണമായിനില്ക്കുന്നതു മായ. ആകാശത്തിൽ മേഘം മുതലായവ കാണുംപോലെ, മായനാമ

ത്തോടുകൂടിയ; അനാദിയും അന്തവതിയും പ്രമാണയും അപ്രമാണയും, സാധാരണയും, സത്തല്ലാത്തവളും, അസത്തല്ലാത്തവളും രണ്ടുമല്ലെന്നുപറയാൻ വയ്യാത്തവളുമായ, അവിദ്യാമാനയായ അന്തർവാണീ അന്തഃക്കരണ ചതുഷ്ടയ സൃഷ്ടിയായ വചസ്സുകൾ വികല്പനിരൂപണങ്ങളെ ചെയ്തുകൊണ്ട് വാചകവ്യവഹാര ഭേദത്തെ കാട്ടുന്നവളായി സ്ഥിതയായി നിലകൊള്ളുന്നു എന്നറിയുക. അതിൻെറ സ്വരൂപമജ്ഞാനമാണ്, അതുതന്നെ മൂലപ്രകൃതിയാവതും. ഇത്രയും പഠിച്ചതുകൊണ്ടുതന്നെ ബ്രഹ്മമായതന്നെ ഒരു തരത്തിലും ബന്ധിക്കുവാനോ മോചിപ്പിക്കുവാനോ ഒരുങ്ങേണ്ടതില്ലെന്നതു് വ്യക്തമാകുന്നുണ്ടല്ലോ.

അടുത്തതായി പറയാനുള്ളതു് ഉപദേശസ്വീകരണമാണ്.

മനുഷ്യത്വം, മുമുക്ഷുത്വം, മഹാപുരുഷ സംഗമം, ശ്രവണം, മനനം, നിദിദ്ധ്യാസനം ഇവകളാണ്, പുരുഷശ്രേയസിനു് ജ്ഞാനി കണ്ടെത്തിയ മാർഗ്ഗം.

ഇവകളുടെ സ്വീകരണത്തിൽ അനേക അപകടങ്ങൾ അഥവാ അപാകതകൾ പതിയിരിക്കുന്നുണ്ട്, ഇവയിൽ ചിലതെങ്കിലും പറയാം. മനുഷ്യത്വം മുതലായവ തനിക്കുണ്ടോ എന്നു് അന്യനല്ലാ തീരുമാനിക്കേണ്ടതു്. താൻതന്നെയാണ്. അതു് സത്യസന്ധമായി ചിന്തിക്കണം.

തനിക്കുള്ളതു് നീചത്വമോ, മൂഢത്വമോ, ഭീരുത്വമോ, വിഡ്ഢിത്തമോ ആണോ എന്നു് നല്ലതിൻ വണ്ണം ചിന്തിക്കണം. ഇതിനു് വിവേകം വേണം, വിജ്ഞാനം വേണം. ഇതെല്ലാം കടന്നവൻെറ ചൊല്ലുവേണം അങ്ങനെ അങ്ങനെ പലതു്. അടുത്തതു് മുമുക്ഷുത്വമാണ്. ഇതിൽ കാതലായ ചിലദോഷം പററി നില്പുണ്ട്. ഒന്നു് ശ്മശാനവൈരാഗ്യ

മാണ്. ഇതൊരുതരം ആവേശമാണ്. ഒരു തരം മാനസിക നിയന്ത്രണംവിട്ടചാഞ്ചല്യമാണ്. ഇതിനു് ആത്മപ്രഭയിൽ മങ്ങലല്ലാതെ തിളക്കം കിട്ടുകയില്ല. മറെറാന്നു് മറിഭ്യ മാണ്. ഇതൊരുതരം ഗുരുവഞ്ചനയാണ്. എന്തെങ്കിലും കാര്യസാധ്യത്തിനായി എന്തെങ്കിലും ശ്രേഷ്ഠത കൈവരിക്കാൻ വേണ്ടി ഗുരുവിനെ തെററിദ്ധരിപ്പിക്കാൻ ആദ്യവസാനം ശ്രമിച്ചുകഴിയുക. ഇതിൻെറഫലം കണ്ടു തന്നെ അറിയേണം. ഗുരുവഞ്ചനയിൽ ഇവർ വിജയി ച്ചാലും ഈശ്വരനെ ജയിയ്ക്കുകയില്ല. എന്തെന്നാൽ അവർ എല്ലാമീശ്വരനെഏൽപ്പിച്ചിരിയ്ക്കുയാണെല്ലോ. ഈപറഞ്ഞ വരണ്ടും മുമുക്ഷു സൂക്ഷിച്ചുവളർത്തിഎടുക്കേണ്ടതാണ്. അതായതു് മനുഷ്യത്വവും മുമുക്ഷുത്വവും.

മഹാപുരുഷസംഗമം യാദൃശ്ചികവും അന്വേഷണഫലവുമാകാം. ഇവിടെ ശ്രീപരശ്ശുരാമനു് സംഭവിച്ചതുപോലെ വന്നുകൂടാതെ നോക്കണം.

''പണ്ടുഞാൻമദ്ധ്യേമാർഗ്ഗം
മാന്യനാം സംവർത്തനനെ
കണ്ടേററം താഴ്മയോടും
ചോദ്യംചെയ്യുകമൂലം
അമ്മഹാനെന്നോടരുളി
ചെയ്യുതപ്പോൾ ഞാൻ
മനക്കരുന്നിൽ ധരിച്ചില്ലല്പംപോലും
ദേശികനോടു ചോദ്യമെന്തു
ഞാൻ ചെയ്യിതെന്നും
ലേശമെങ്കിലുംമിപ്പോ
ളോക്കുന്നില്ലെന്തുചെയ്യാം''

ഇതുസാധാരണ എവക്കും സംഭവിക്കാവുന്നതാണ്, പലക്കും സംഭവിക്കുന്നുമുണ്ടു്. സ്വാമിയുടെ വചനങ്ങൾ ഇതിന്നുദാ

ഹരണമാണ്. ഇതു് സാധാരണ ആകയാൽ ക്ഷന്തവ്യങ്ങളല്ലാണ്.

അടുത്തതു് ശ്രവണമാണ്. ഇതിനു് ഗുരുനാഥൻ തരുന്ന വാക്യങ്ങൾ ഏതടിസ്ഥാനത്തിൽപ്പെടുന്നതാണ് എന്നും മററുമുള്ളവ വിചിന്തനീയങ്ങളാണ്. ഇവിടെ ശിഷ്യനു് ഗുരുവിനെ പരിശോധിച്ചെടുക്കുവാനും സ്വാതന്ത്ര്യമുണ്ട്. ഈ വിഷയത്തിൽ ഉപനിഷദാചാര്യന്മാരുപോലും ശിഷ്യഗണങ്ങൾക്കു വേണ്ട സ്വാതന്ത്ര്യം കൊടുത്തുപാലിക്കുന്നതു് വ്യക്തമായറിവാൻ കഴിയും.

ജ്ഞാനമാർഗ്ഗംതേടിയിറങ്ങിയ ഉത്തമജിജ്ഞാസുവിനു് മഹാവാക്യംതന്നെ ആണുപദേശിക്കേണ്ടതു്. അതാചാര്യധർമ്മമാണ്

പ്രജ്ഞാനമാനന്ദം ബ്രഹ്മ
തത് ത്വം അസി
അഹം ബ്രഹ്മാസ്മി
അയമാത്മാ ബ്രഹ്മഃ

ഇവയാണ് നാലുമഹാവാക്യങ്ങൾ. ഇതിലെ ഓരോ വാക്കും വ്യക്തമാക്കി മനസ്സിലാക്കി തനിക്കും ആത്മാവിനും ബ്രഹ്മത്തിനുമുള്ള ബന്ധം കാട്ടിക്കൊടുത്തു രക്ഷിക്കലത്രേ ആചാര്യധർമ്മം.

അടുത്തതു് മനനമാണ്. ഇതു് സിദ്ധാന്തത്തെ വിടാതെ അന്യഥാ ചിന്തനമൊഴിവാക്കി യുക്തി അനുഭവം ഇവകളിലൊതുക്കി തന്നെ മനസ്സിലാക്കലാണ്.

അടുത്തതു് നിദിദ്ധ്യാസനമാണ്. മനസിലാക്കിയതിനെ വീണ്ടും വീണ്ടും ചിന്തിച്ച് സ്വാനുഭവപ്പെടുത്തൽ, സ്വായത്തമാക്കൽ, ഇങ്ങനെ മഹോദയാദി അനുഭവങ്ങൾക്ക് കളമൊ

രുക്കലാണ്, താൻ തന്റെ വടിവിന്നതെന്നറിഞ്ഞു് അതി ന്യാതൊരു അല്പതചവുമില്ലെന്നു് ബോദ്ധ്യപ്പെട്ടനില കൊള്ളൽ, ഇതു് മോക്ഷദായിനിയാണ്. മോക്ഷം തന്നെ യാണ്.

ഇത്രയും പറഞ്ഞതുകൊണ്ടു കർമ്മവിഭാഗമേ ആകുന്നുള്ളൂ.

ഞാൻ ഞാനായിരിക്കുന്നതിന്നു് എന്തുചെയ്യണമെ ന്നാരും ചോദിക്കുന്നില്ല. ആയപോലെ ആത്മാബ്രഹ്മമായി രിക്കുന്നതിനെന്തു ചെയ്യണമെന്നാരും ചോദിക്കേണ്ടതില്ലെ ന്നാണ് വന്നുകൂടേണ്ടതു്. അതു് സംഭവിച്ചുകാണുന്നില്ല. അതു് തിരശീലപുറപ്പാടുപോലെ വരുത്തികാട്ടേണ്ടിയിരി ക്കുന്നു. ഇതിനത്രേ ശാസ്ത്രമൊട്ടുമുക്കാലും. അഭേദദർശനം ജ്ഞാനം എന്നിരിക്കേ ഭേദംവളർത്തി അതിനെ നശിപ്പി ക്കുന്ന ജ്ഞാനിക്കു്, ഉത്തമ ജ്ഞാനിക്കെന്തിനെന്നു് ചോദി ക്കാനൊക്കാത്തവിധം ഉടക്കവിടെ വ്യക്തം കാണ്മാനുണ്ടു്.

''വേദാന്തസാര സർവസ്വം
ജ്ഞാനവിജ്ഞാനമേവച
അഹമാത്മാനിരാകാരഃ
സർവവ്യാപി സ്വഭാവതഃ''

വേദാന്തസാരം സർവവും കൂടി, ജ്ഞാനവിജ്ഞാനം മുതലായവ അഹമാത്മാനിരാകാരഃ സർവവ്യാപി സ്വഭാ വതഃഎന്നതാണ്, പക്ഷേ ഇതങ്ങനെഅങ്ങുപറയുന്നെ ങ്കിലും അതനുഭവപ്രത്യക്ഷമല്ല. സൂര്യന്നു് പ്രകാശമുണ്ടു്. ഇതനുഭവമാണ് പ്രത്യക്ഷവുമാണ്. അഹമാത്മാ നിരാകാര സർവവ്യാപി സ്വഭാവത, സ്വഭാവത്താൽ തന്നെതന്നിമ യിൽതന്നെ ആകാരരഹിതമാണ്, സർവവ്യാപിയാണ് എന്നു ശാസ്ത്രംവ്യക്തം പറയുന്നുവെങ്കിലും അതു് ബോദ്ധ്യ പെടുത്തേണ്ടും പ്രത്യക്ഷവും അനുഭവവും അവിടെ ആദി

യിൽ കാണുന്നില്ല. ഇതാത്മാവിൻെറ മഹത്വത്തിനു് കടക വിരുദ്ധവുമാണു്. ഇതിലെ സത്യം കണ്ടെത്തലാണു് ഇവിടെ വേണ്ട പരമ ദൗത്യം.

ഒന്നുപറയട്ടെ ആത്മാവു ദുരിതാനുഭവങ്ങൾക്കുമുമ്പും ആത്മാവുതന്നെ ആയിരുന്നു. അപ്രകാരമുള്ള ആത്മാ ദുരിതാനുഭവിയായ കഥയാണറിയേണ്ടതു്. അഹമാത്മാനിരാകാര- സർവവ്യാപിസ്വഭാവത-ഇതു് വെളിക്കുകൊണ്ടുവരുന്നില്ല. എന്നാൽ മോക്ഷേച്ഛു ഇതു് കരസ്ഥമാക്കുന്നുണ്ടുതാനും, അതിനാൽ പൂർണ്ണാപജയം പറകവയ്യ, പിന്നെങ്ങനെസത്യം നില്ക്കുന്നു. ഇതാണു് നമ്മുടെ വിഷയം, തീരുമാനിക്കേണ്ട സിദ്ധാന്തം. ഇതുപര്യന്തമുള്ള വിവരണമെല്ലാം വിതണ്ഡവാദമേ ആകുന്നുള്ളു. അതുകൊണ്ടു് ഇവിടം വെളിപ്പെടുത്തി സിദ്ധാന്തമുറപ്പിക്കതന്നെ വേണം. ഇതുപര്യന്തം അവിദ്യക്കാണു് മുൻകൈ.

ഇവിടെ ആക്ഷേപം, ആത്മാ സർവവ്യാപിയും നിരാകാരനും എന്നു പറഞ്ഞിട്ടു് തൻെറ തനിമകൊണ്ടുതന്നെ എന്നു് വ്യക്തം പറയുന്നു. പക്ഷേ അനുഭവമെന്തു് ആത്മാവിനു് പുച്ഛത്വം തുച്ഛത്വം മുതലായ അല്പത്വം കണ്ടെത്തലും അതിനു് ശാസ്ത്രം പരിഹാരം പറച്ചിലുമാണു്. ഇതാക്ഷേപം, ആക്ഷേപ പരിഹാരം. ഇവയൊക്കെ ചിന്തനീയങ്ങളാണു്. അല്ലാതെ ജിജ്ഞാസുവിൻെറ മുമ്പിൽ ഉരുട്ടുചെണ്ട അടിച്ചാൽപോരാ. ഈ കാട്ടു്തെളിച്ചുകാട്ടണം, ആക്ഷേപം ചുഴലി ബാധിച്ചതു് ആത്മാവിനോ —ബ്രഹ്മത്തിനോ — ആക്കെങ്ങനെ ഉണ്ടാകാത്തിടത്തു് ഉണ്ടാകാത്തതു് ഉണ്ടാകുന്നതെങ്ങിനെ. ദുഃഖമില്ലാത്തവൻ ദുഃഖിക്കുവതെങ്ങനെ. സുഖദുഃഖങ്ങൾ ആക്കു്, എന്തു്, എങ്ങനെ. ഈ കീറാമുട്ടി പരിഹരിക്കപ്പെടുവതെങ്ങനെ. ബോധം

ബോധമെങ്കിൽ മറുമരുന്നല്ല മറുപടിതന്നെ കിട്ടണം. ഇവിടവും ശ്രമിക്കാം.

''അഹമേവാഽവ്യയോഽനന്തഃ
ശുദ്ധവിജ്ഞാന വിഗ്രഹഃ
സുഖം ദുഃഖം നജാനാമി
കഥം കസ്യാപിവർത്തതേ.''

ഞാനോ അവ്യയനാണ്, അനന്തനാണ്, ശുദ്ധവിജ്ഞാനം തന്നെ ഉടലെടുത്തതാണ്, സുഖദുഃഖങ്ങളെവിടെ, അതെവിടെആണ്നിലകൊള്ളുന്നത്. ഇവിടെ ശ്രീ ദത്താത്രേയ മഹർഷി കൂടുതൽ കൂടുതൽ തത്വവുമായടുക്കുകയാണ്.

''നജാതോ നമൃതോസിത്വം
നതേദേഹ കദാചന
സർവം ബ്രഹ്മേതിവിഖ്യാതം
ബ്രവീതി ബഹുധാശ്രുതിഃ''

നീ ജനിച്ചിട്ടില്ല, മരിച്ചിട്ടില്ല, നിനക്കൊരിക്കലും ദേഹവുമില്ല. സർവം ബ്രഹ്മമെന്ന് വിഖ്യാതവുമാണെല്ലോ, ശ്രുതി അരുളാവിധേനയാണെല്ലോ. ഈ തരം പാഠങ്ങളെല്ലാം തന്നെ തെററുതിരുത്തി രക്ഷിക്കുംവിധമാണരുളുന്നത്. അല്ലാതെ തെററു പററിയതെങ്ങിനെ എന്നോ പരിഹരിപ്പതെങ്ങനെ എന്നോ പറയുന്നതായി കാണുന്നില്ല. ശ്രീയോഗവാസിഷ്ഠമാണ് ജ്ഞാനഗ്രന്ഥങ്ങളിൽ പ്രധാനം. അതിലെ ഒരു പ്രയോഗം ഞാൻ നിങ്ങളോടു വിവരിക്കാം. ഇതിൽ ബ്രഹ്മാവ് ലോകസൃഷ്ടി ചെയ്തതായിട്ട് വിവരിച്ചിട്ട് അതിൻെറ പോരായ്മ നികത്തുന്ന ഒരു ചിത്രം അവതരിപ്പിക്കുന്നു. എന്നാൽ വെറുതേ കിടക്കുന്ന ബ്രഹ്മത്തിൽ സങ്കല്പ കോട്ട നിർമ്മിച്ച് അദ്ദേഹം തന്നെ വിവരിക്കുന്ന ദുർഘടത്തെ വരുത്തിവെച്ചിട്ടു പ്രതിവിധിപറയും മാർഗ്ഗമാണു

കാട്ടുന്നതു്. അല്ലാതെ ചതുർമുഖൻ ലോകസൃഷ്ടി തടങ്ങു് ലോകരക്ഷപറയുന്നില്ല. ബോധാമൃതരസത്തിൽ ബോധക്കേട്ട് സങ്കല്പിച്ചവഷളാക്കുന്നതല്ലേ പറയുന്നതു്. എന്തിനു് ലോകസൃഷ്ടി, ആരുടെ ആവശ്യമാണു് ലോകസൃഷ്ടി ? നരകിക്കുന്നതിനാണെങ്കിലും വാഞ്ഛയോ? എല്ലാം കഥയേയുള്ള അതുകൊണ്ടുമുക്തി എന്തെന്നു കണ്ടെത്താം.

ആത്മാ നീ സർവശക്തനാണു്.
സർവ വ്യാപിയാണു നീ.
സർവജ്ഞനാണു നീ.
സർവേശ്വരനാണു നീ.
സർവാന്തര്യാമിയാണു നീ.

നിന്റെ ഈ മാഹാത്മ്യം ആരംകോലത്തെവിടെ പോയെന്നുഞാൻകരുതണം. ആത്മാവറിയാതെഅമൃതാനന്ദവിജ്ഞാനം ചോർന്നുപോയോ. മണ്ണനെമടക്കാൻ തന്റെ കർമ്മഫലമാണു് താനനുഭവിക്കുന്നതെന്ന വഞ്ചനാത്മകമായ ആരോപണമാണോ വിളമ്പേണ്ടതു്. ഒന്നുകിൽ വേദാന്തികൾ ശുദ്ധരാകട്ടെ അല്ലേൽ സത്യം വെളിക്കു വരട്ടെ. അദ്ധ്യാത്മകഥനങ്ങൾ ഓരോന്നോരോന്നായെടുക്കാം.

ശ്രീരാമചന്ദ്രനു് ഭാര്യാവിയോഗത്തിൽ മാനഹാനിയും അത്യധിക ദുഃഖവുമുണ്ടായി. ലോകം കണ്ടതിൽ ഏറ്റവും മഹാത്മാവായ ശ്രീ അഗസ്ത്യനാണു് സമാധാനിപ്പിക്കാനെടുത്തതു്. ആത്മാവിനു് ദുഃഖമില്ലെന്നതും അനാത്മാവായ ജഡപദാർത്ഥങ്ങൾക്കും അങ്ങനെതന്നെ എന്നിരിക്കേ പിന്നെന്തിനുഖേദിക്കുന്നു എന്നചോദ്യത്തിനു് ശ്രീരാമൻ മടികൂടാതെപറഞ്ഞതു്, ജഡത്തിനു ദുഃഖമില്ല, ആത്മാവിനും ദുഃഖമില്ലതന്നെ, എന്നതുസത്യമെന്നു വരികിലും ആർക്കോ എവിടെയോ മൂന്നാമതേതിന്നോ ദുഃഖമുണ്ടെന്നുകണ്ടു മുട്ടുന്നു. ഇതിന്നത്രേപരിഹാരം വേണ്ടതു്. ഇതില്ലെന്നുപറയുന്നതു്

എവിടേയോനിരക്കുന്നില്ലെന്നാണ് എനിക്കുതോന്നിക്കൂട്ടുന്നത്.

മറ്റൊന്നുകൂടിപറയാം.

ശ്രീരാമചന്ദ്രന് ആത്മഭ്രംശം സംഭവിച്ചപോലെ തോന്നി ലോകമാം കാട്ടുകയറി അന്ധകാരത്തിലലയുന്നതു കണ്ട് അതിനൊരുപ്രതിവിധി ശ്രീ വസിഷ്ഠനോട് ശ്രീ വിശ്വാമിത്രൻ പറയുന്നതു് ശ്രദ്ധേയമാണ്. ശ്രീരാമചന്ദ്രനെബാധിച്ചിരിക്കുന്നതു് കേവലദുഃഖമല്ല ആത്മജ്ഞാനമങ്ങലാണെന്നു് ബോദ്ധ്യപ്പെടുത്തി പ്രതിവിധി പറഞ്ഞുകൊടുക്കുവാനാണ് സൂചിപ്പിച്ചതു്. ഈ കഥയോ ശ്രീ പത്മജൻ, ശ്രീ വസിഷ്ഠപിതാവ്, ശ്രീ വസിഷ്ഠന് കാട്ടികൊടുത്ത മാർഗ്ഗമരുളാനാണ് പറയുന്നതു്. ഇവിടെ ഒരു ദുഃഖം ഉണ്ടാക്കി തീർത്തിട്ടു് അതിൻെറ പ്രതിവിധിയേ പറയുന്നുള്ളു. അല്ലാതെ ദുഃഖമില്ലാത്തവനു് ദുഃഖമാവിർഭവിക്കാത്ത മാർഗ്ഗമൊന്നും പറഞ്ഞുവ്യക്തമാക്കുന്നില്ല. ദുഃഖം ആത്മാവിലില്ലതന്നെ. ആത്മാ പരിപൂർണ്ണസുഖിയാണ് എന്നതു്കൊണ്ട് ഇല്ലാത്തതൊട്ടുണ്ടാകയുമില്ല ഉള്ളതില്ലാതാകയുമില്ല എന്ന തത്വജ്ഞാനോദയസൃഷ്ടി പ്രത്യക്ഷത്താൽ അനുഭവാൽ കണ്ടെത്തും വിധമരുളുന്നില്ല.—

ഇതു് വേദാന്തത്തിൻെറ ഊടുരുവെ കാണുന്ന ഒരു പ്രത്യേകതയാണ്. എന്താണിങ്ങനെ സംഭവിച്ചതു് എന്നു തോന്നുന്നുവെങ്കിൽ, ശ്രീ അഗസ്ത്യൻ ശ്രീരാമനോടു് സീതാവിയോഗദുഃഖംകളയാൻ ഗുണദോഷിക്കുമിടത്തിൽ അതിൻെറ പ്രയാസവും ജഢത്തിനോ ആത്മാവിനോ ഇല്ലാത്ത ദുഃഖം മൂന്നാമതാർക്കോ ആണെന്ന വിവരണം കേട്ടപ്പോഠം ശ്രീ അഗസ്ത്യൻ പറഞ്ഞുപോയി, മായയെ ജയിക്ക ലോകത്തിൽ ആർക്കും അസാദ്ധ്യമത്രേ!

ഈ ഗ്രന്ഥത്തിൻെറ പ്രധാന ഉദ്ദേശം പരിപൂർണ്ണനായ ആത്മാവു് എങ്ങനെ തൻേറതായമായയേ ജയിച്ചുനിൽക്കും എന്നു് വ്യക്തംകാട്ടികൊടുക്കലത്രേ. അതിൻെറ ശ്രേഷ്ഠത ലോകം വ്യക്തം അറിയേണ്ടതാണു്. വാമനനും രാമനും കൃഷ്ണനും പ്രഹ്ലാദനും അതുപോലെ പലരും സ്വച്ഛന്ദം കടന്ന മാർഗ്ഗങ്ങളാണു് ഈഗ്രന്ഥത്തിൻെറ പ്രതിപാദ്യം.

ഇനിയും പ്രാണനെ പററി പഠിപ്പിക്കുമിടം കാണേണ്ടതുണ്ടു്.

പ്രശ്നഉപനിഷത്തു് - മൂന്നാം പ്രശ്നം (3)
ആത്മന ഏഷ പ്രാണോ ജായതേ
യഥൈഷാ പുരുഷേഛായൈതസ്മിന്നേ
തദാ തതം മനോധികൃതേനാ*ff*യാത്യസ്മിൻ ശരീരേ.

ആത്മാവിൽ നിന്നു തന്നെയാണു് പ്രാണൻ ജനിക്കുന്നതു്. ശരീരത്തിനു് നിഴലെന്ന കണക്കിനേ ആത്മാവിൽ നിലകൊള്ളുന്നു. മനസങ്കല്പാനുസരണമാണു് ഇതു് ശരീരത്തിൽ പ്രവർത്തിക്കുന്നതു്.

മുഖ്യപ്രാണൻെറ നിയോഗാനുസരണമാണു് മററു പ്രാണൻ ശരീരത്തിൽ പ്രവർത്തിക്കുന്നതു്.

മന്ത്രം 10 യച്ചിത്ത സ്തേനൈഷ പ്രാണമായാതി,
പ്രാണസ്തേജസായുക്തഃ സഹാത്മനാ
യഥാസങ്കല്പിതം ലോകം നയതി

മരിക്കുവാൻ പോകുന്നവൻ യാതൊരു സങ്കല്പത്തോടു കൂടിയവനായിട്ടാണോ നിലകൊള്ളുന്നതു് ആ പ്രാണപ്രവൃത്തിയോടു കൂടിയവനായി ഭവിക്കുന്നു.

മന്ത്രം 12 'ഉത്പത്തിമായാതി സ്ഥാനം
വിഭുത്വം ചൈവപഞ്ചധ

അധ്യാത്മം ചൈവപ്രാണസ്യ
വിജ്ഞായാമൃതമശ്നുതേ ഇതി'

ഈ മന്ത്രം പ്രാണനെ സംബന്ധിച്ചിടത്തോളം അത്യധികം പ്രാധാന്യമർഹിക്കുന്നതാണ്.

പ്രാണൻെറ ഉത്പത്തിയേയും അതിൻെറ സ്ഥാനത്തേയും, വിസ്തൃതിയേയും, അതിൻെറ ഒടുവിലായി സംഭവിക്കുന്ന വിയോഗത്തേയും, വിഭുത്വം, ഇന്ദ്രിയാദികളെകണക്കിലെടുക്കുമ്പോൾ കണ്ടെത്തും ആത്മ സ്ഥാന സമാന പദവികളും മററു മറിയുന്നവന് മൃത്യു ഭീതിയുണ്ടാകയില്ല. യാതൊരു പ്രാണൻ ദേഹം വിടുമ്പോൾ മരണം സംഭവിക്കുകയും, യാതൊരു പ്രാണൻെറ വിയോഗത്തിൽ ജീവൻ പോയി അഥവാ മരിച്ചുവെന്നുഗണിക്കപ്പെടുകയും ചെയ്യുന്നതു്,അപ്രകാരേണയുള്ള ശ്രേഷ്ഠ പ്രവർത്തനങ്ങളുടെ വിപുലത നാം മനസിലാക്കണം. ഇവ ഉപനിഷത് സമ്മതമായ കാര്യങ്ങളുമാണെല്ലോ.

എന്നാൽ—

'നപ്രാണേനാപാനേന
മർത്ത്യോ ജീവതികശ്ചന
ഇതരേണതുജീവന്തി
യസ്മിന്നേതാവുപാശ്രിതാ'

പ്രാണനേയോ അപാനനേയോ കൊണ്ടല്ല ഒരു മനുഷ്യൻ ജീവിക്കുന്നതു്. ഇതിനു രണ്ടിനും ആശ്രയമായി നില്ക്കുന്ന ഒരു ചൈതന്യത്തേ ആശ്രയിച്ചത്രേ ജീവനം ചെയ്യുന്നതു്.

ഇനിയും നമുക്കുപനിഷത്തുകളിലെ മഹദ്വചനങ്ങളിലേയ്ക്കും അതിൻെറ അന്തസത്തയിലേയ്ക്കും അല്പം കടക്കാം.

'ഈശാവാസ്യമിദം സർവം
യത് കിം ച ജഗത്യാം ജഗത്
തേനത്യക്തേന ഭുഞ്ജീഥാ
മാഗൃധഃ കസ്യസ്വിദ്ധനം'

ഇതനവധിയനവധിതവണ ഇവിടെ വിശകലനം ചെയ്തിട്ടുള്ളതാണ്. ഇതു് നിത്യമുക്തി ദായിനിയുമാണ്. ഇവിടമൊക്കെ മനോഹരമായി, ഫലവത്തായി, പ്രായോഗികമായി സാക്ഷാത്ക്കരിച്ചെടുക്കണം. ഇത്തരമൊരു സാക്ഷാത്ക്കാരത്തിൻെറ അത്യന്തമായ ഒരു നിലയാണ് കണ്ണൻ സ്വആത്മാവിൻെറ ജീവനപ്രസ്ഥാനത്തിൻെറ നിലനില്പിനെ അതു് തൻേറതല്ലാ എന്നറിയും കണ്ണൻ അതിനെ പറിച്ച് ശ്രീകൃഷ്ണഭഗവാനെ ഏല്പിച്ച് നിത്യ മുക്തത, ആത്മസ്ഥാനമടയുന്നതു്.

ഇവിടമെല്ലാം വരുമ്പോഴും ആത്മാവിൻെറ ഉജ്ജ്വല ചൈതന്യ സ്ഫുരണം കണ്ടെത്താൻ കഴിയും. ഇവ അതേ വിധത്തിൽ അറിയാത്ത പറച്ചിൽ വചോവിഹാരമെന്നല്ലാതെ ആത്മവിസ്മൃതിയാവലാകുന്നില്ല.

അതുപോലെ കേനത്തിലാണെങ്കിൽ കണ്ണിനു കണ്ണായും, കാതിന്ന് ശ്രവണദായിനിയായും, നാക്കിന്ന് രസദായിനിയായും ത്വക്കിന് സ്പർശനശക്തിദായിനിയായും നാസികക്കു ഗന്ധത്തെ അറിയുവാനുള്ള ശക്തിദായിനിയായും നിലകൊള്ളും ചൈതന്യമാണ് ആത്മാ. ഇതു് കേവലം പറച്ചിലിലൊതുക്കിയാൽ മതിയോ, പോരാ എന്നതിലേയ്ക്കുള്ള വിശദീകരണവും നമുക്കു മനസിലാക്കാം. ഈ ആത്മാവിനെ കണ്ടെത്താൻ രണ്ടു മാർഗ്ഗം പറഞ്ഞിട്ട് ഒന്നിനെ തള്ളുകയാണ് ശ്രുതി ചെയ്യുകാണുന്നതു്

കേനം 'യദ്‌വാചാനഭ്യുദിതം
യേനവാഗഭ്യുദ്യതേ
തദേവബ്രഹ്മം—ത്വംവിദ്ധി
നേദം യദിദമുപാസതേ'

യാതൊരു വസ്തുതത്വമാണോ വാക്കിനെത്താത്ത വിധമുള്ളതു്, വാക്കിനാൽ പ്രകാശിപ്പിക്കപ്പെട്ടവാൻ അസാദ്ധ്യമായിട്ടുള്ളതു്, അപ്രകാരമുള്ള അതിനെ ബ്രഹ്മമെന്നറിഞ്ഞാലും, അല്ലാതെ ഉപാസനാവിധേയമായ, ഒരു വസ്തുതത്വമല്ല. വിവരണ വിധേയമായ/ മായാതത്വ പ്രധാനമായ ഉപാസനാ വിധേയവിഷയങ്ങൾ ബ്രഹ്മമാകയില്ലെന്നറിഞ്ഞാലും.

'യന്മനസാനമനുതേ
യേനാഹുർമ്മനോമതം
ത ദേവ ബ്രഹ്മത്വം വിദ്ധി
നേദംയദിദമുപാസതേ'

യാതൊന്നു് മനസ്സിനാൽ മനനവിധേയമാകുന്നില്ലയോ, യാതൊന്നിനാൽ യാതൊരറിവിനാൽ, യാതൊരു ചൈതന്യത്താൽ നിറവുററിരിക്കുന്നതായി ബ്രഹ്മവിത്തുകൾ പറയുന്നുവോ ആ വസ്തുതത്വത്തെ ബ്രഹ്മമെന്നറിഞ്ഞാലും. അല്ലാതെ ഇതു്എന്നു കാട്ടും ഉപാധി ഭേദത്താൽ ചൂണ്ടി പരിമിതപ്പെടുത്തി ഉപാസിക്കപ്പെടാവുന്ന ഒന്നും ബ്രഹ്മമല്ലതന്നെ.

'യ ചക്ഷുഷാനപശ്യതി
യേന ചക്ഷുംഷി പശ്യതി
തദേവബ്രഹ്മത്വവിദ്ധി
നേദം യ ദിദമുപാസതേ'
'യച്ഛ്രോത്രേണ ന ശൃണോതി
യേനശ്രോത്രമിദം ശ്രുതം

തദേവബ്രഹ്മത്വം വിദ്ധി
നേദം യദിദമുപാസതേ'
യത് പ്രാണേന ന പ്രാണിതി
യേന പ്രാണ പ്രണീയതേ
തദേവബ്രഹ്മത്വം വിദ്ധി
നേദം യദിദമുപാസതേ.'

ഇങ്ങനെ ബ്രഹ്മവിവരണത്തെ ചെയ്തിട്ട് അടുത്ത പടി വേറേതരത്തിൽ കാട്ടുന്നതുകാണാം

കഠം 'സർവേ വേദാ യത്പദമാമനന്തി
തപാംസിസർവാണി ചയദ്വദന്തി
യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി
തത്തേ പദം സങ്ഗ്രഹേണ ബ്രവീമി ഓമിത്യേതത്''

എല്ലാ വേദങ്ങളും യാതൊരു പ്രാപ്യസ്ഥാനത്തെ പ്രതിപാദിക്കുന്നുവോ, എല്ലാ തപസ്സുകളും യാതൊന്നിനെ പ്രാപിക്കുവാൻ പറയുന്നുവോ യാതൊന്നിനെ ഇച്ഛിച്ച് ബ്രഹ്മചര്യം ദീക്ഷിക്കുന്നുവോ ആ പദത്തെ ചുരുക്കി ഞാൻ പറഞ്ഞുതരാം. ഈ പദം ഓം എന്നതാകുന്നു.

കഠം 'ഏതദ്ധ്യേവാക്ഷരം ബ്രഹ്മ
ഏതദ്ധ്യേവാക്ഷരം പരം
ഏതദ്ധ്യേവാക്ഷരം ജ്ഞാത്വാ
യോയദിച്ഛതി തസ്യ തത്''

ഈ അക്ഷരം ബ്രഹ്മംതന്നെയാകുന്നു, ഈ അക്ഷരം അത്യന്തം ശ്രേഷ്ഠമായിട്ടുള്ളതാകുന്നു. ഈ അക്ഷരത്തെ അറിഞ്ഞാൽ ഏതാഗ്രഹിക്കുന്നുവോ അതുതന്നെ ആയി തീരും. ഈ ഓമെന്നതു് ബ്രഹ്മ സാക്ഷാത്കാരത്തിനുള്ള ആശ്രയ സ്ഥാനമാണു്. ഇതു് മറേറതാശ്രയത്തേക്കാളും ശ്രേഷ്ഠമാ

യുള്ളതാണ്. ഈ ആശ്രയസ്ഥാനമറിവുപെട്ടാൽ ബ്രഹ്മ ലോകത്തിൽ പൂജിക്കപ്പെടുക തന്നെ ചെയ്യും.

മു: 3 'നായമാത്മാ പ്രവചനേന ലഭ്യോ
നമേധയാ ന ബഹുനാ ശ്രുതേന
യ മേ വൈഷ വൃണു തേ തേന ലഭ്യ
സ്തസ്യൈഷ ആത്മാ വി വൃണുതേ തനൂം സ്വാം'.

ആത്മാ പ്രവചനങ്ങൾ കൊണ്ട് ലഭിക്കത്തക്കതല്ല, മേധ കൊണ്ടോ വളരെ ശ്രുതികളുടെ പാഠവം കൊണ്ടോ ലഭ്യമാകയില്ല, പിന്നെ എങ്ങനെ എന്നാൽ, യാതൊരു സാധകനാണോ സ്വ ആത്മാവിനെ താൻ തന്നെ ആയിവരിക്കുന്നത്, സ്വീകരിക്കുന്നത്. അവനാൽ മാത്രം അനുഭവത്താൽ കണ്ടെത്തുന്നതാണ്. അതുപോലെ പ്രശ്നോപനിഷത്തിലും കുറിക്കപ്പെടേണ്ട ചില വസ്തുതകൾ തരുന്നുണ്ട് മുണ്ഡകമാണെങ്കിൽ അതിലും നിശിതമായി ബ്രഹ്മചിന്തനം ചെയ്യുന്നതും കാണാൻ കഴിയും.

മു: 10 ''ഭാന്തികുതോƒയമഗ്നി?
തമേവഭാന്തമനുഭാതിസർവം
തസ്യഭാസാവിശ്വമിദംവിഭാതി.''

അതിൽ അവനവന്റെ ആത്മാവായി നിലകൊള്ളും ബ്രഹ്മത്തിൽ ആ ഉജ്ജ്വല അഗ്നിപ്രഭയിൽ, സൂര്യൻ പ്രകാശത്തെ ചെയ്യുന്നില്ല, ചന്ദ്രനും നക്ഷത്രങ്ങളും ഭാസമാനമായി ഭവിക്കുന്നില്ല, വിദ്യുത്തും മിന്നലുകളും അങ്ങനെ തന്നെ നിഷ്പ്രഭമായി നിലകൊള്ളുന്ന ആ അഗ്നി ആകമാത്മാവിനെതന്നെ അനുസരിച്ചു പ്രകാശിക്കുന്നു, എന്നല്ല ബാക്കി ഉള്ളവ എല്ലാം അവന്റെ ദീപ്തിയാൽ പ്രകാശമാനമാകുന്നു.

ഉപനിഷത്തിന്റെ പ്രഭവായി, ഈ ആത്മാ ബ്രഹ്മമെന്നുച്ചൈസ്തരം പ്രവചിക്കുന്നതും സർവ ജഗത്തിന്റേയും

ഉറവിടമാണ് ബ്രഹ്മവുമാണ് ഓമെന്നുറപ്പായവതരിപ്പി ച്ചുകൊണ്ടു മുന്നേറും ഉപനിഷത് പ്രഭുവിൽനിന്നുംനമുക്ക്

ഓമിത്യേദക്ഷരമിദം സർവം
തസ്യോപവ്യാഖ്യാനം ഭൂതംഭവദ്
ഭവിഷ്യ തിതിസർവമോങ്കാരഏവ
യച്ചാന്യത് ത്രികാലാതീതംതദപ്യോങ്കാര ഏവ-
സർവം ഹ്യേതദ് ബ്രഹ്മ
അയമാത്മാ ബ്രഹ്മ
സോയമാത്മാ ചതുഷ്പാത്.

തുടങ്ങും ചില പാഠങ്ങൾ മനസ്സിരുത്തിപഠിക്കാം. ഇതിൽ ചതുഷ്പാത് എന്നതുംകൊണ്ടു് ശ്രുതി ഉന്നുന്നതു്, ബോധാകാശത്തിൽ നിലകൊള്ളും നാലുവിധ ബോധനി ലയങ്ങളെയാണ്, ജാഗ്രത് ഒരുതരം സ്വപ്നം മറ്റൊരുതരം സുഷുപ്തി വേറൊന്നു് തുരീയം യഥാത്ഥം ഇവകളെയാണ്. ഈ തുരീയൻ തന്നെ തുരിയാതീതത്തിലെത്തി അവ്യക്ത നായും നിലകൊള്ളും. എന്നാൽ നാം കണ്ടെത്തേണ്ടും തത്വം

'ഓമിത്യേദക്ഷരമിദം സർവം —
സർവംഹ്യേതദ്ബ്രഹ്മ
അയമാത്മാ ബ്രഹ്മ
സോയമാത്മാ ചതുഷ്പത്',

ഇവകളെയാണ്. ഇതനവധിയിടങ്ങളിൽ അനവധി തവണ വിശദീകരിച്ചിട്ടുള്ളതാണ്. കൂടുതൽ പറയുന്നില്ല.

ഇനിയും അത്യന്തം ചിന്തനീയവും ബൃഹത്തുമായ ചിലതിനെ ഞാൻ നിങ്ങളോടു പറയട്ടെ.

ഓം എന്ന അക്ഷരത്തിൽ അഥവാ ശബ്ദത്തിൽ സർവ വുമൊക്കെക്കൊണ്ടിരിക്കുന്നു. ഇതിൻെറ ന്യായങ്ങളും ശ്രുതിവെ ളിപ്പെടുത്തുന്നുണ്ടു്.

'അ' എന്ന അക്ഷരത്തെ അതേ ശബ്ദത്തെ പുറപ്പെടുവിക്കണമെങ്കിൽ വാ തുറന്നുപറയണം, ഉ എന്നാണു പറവതെങ്കിൽ അതിന്നു വാ പകുതി അടച്ചാണു ശബ്ദിക്കുക, 'ഉം' 'മ്' ' എന്നാണുച്ചരിക്കേണ്ടതെങ്കിൽ വാ അടച്ചുതന്നെ പറയേണം. ഇങ്ങനെ ശബ്ദലോകം മുഴുവൻ വാ തുറന്നും,പകുതി അടച്ചും, മുഴുവനടച്ചുമാണ് സ്ഫുടമാകുന്നത്. സർവജഗത്തിന്നുമാധാരമായ് ഈ ശബ്ദമാണ് നാമങ്ങളെ ചെയ്യുന്നതു്. നാമങ്ങൾ കേവലം ശബ്ദമാത്രന്മാരാണ്. ശബ്ദത്തിന്നു് അത്ഭുതകരങ്ങളായ ചിലവശങ്ങളുണ്ട്. അതു്ഒരു വശംകൊണ്ട് നാമരൂപങ്ങളെചെയ്യും. അസ്തി, ഭാതി, പ്രിയം, രൂപം, നാമം ഇങ്ങനെ അഞ്ചുള്ളതിൽ ആദ്യമൂന്നും തറി ബ്രഹ്മലക്ഷണവും മററവ രണ്ടും ജഗത്ലക്ഷണങ്ങളുമാണ്. പഞ്ചഭൂതങ്ങളിൽ പരമോന്നതനാണ് ആകാശം. അതിൽനിന്നും ഉത്ഭൂതങ്ങളാണ് മറെറല്ലാ ഭൂതങ്ങളും. ഈ ഭൂതത്തിൻെറ ഗുണമാണു ശബ്ദം — ശബ്ദഗുണകമാകാശം, ബ്രഹ്മത്തിൻെറ ലക്ഷണം നിശ്ശബ്ദവുമാണ്. ശബ്ദത്തോടുകൂടി ആകാശമാത്രനായിനില്ക്കുമ്പോൾ ജഗത്തു് ആകാശവടിവിൽകാണപ്പെടും അതായതു് മഹാകാശ വടിവ്. ഈസമയം ജഗത്താണ്. എന്നാൽഎപ്പോൾ ശബ്ദംനിലയ്ക്കുന്നോ ആ സമയം തന്നെ ബ്രഹ്മസാക്ഷാത്കാരമുണ്ടാകും. അപ്പോൾ ഓങ്കാരത്തിൻെറ ഒരുവശം ജഗത്തും മറുവശം ബ്രഹ്മവുമാണെന്നു വരും. അതാണ് ഓം ഇത്യേക്ഷരമിദംസർവംതസ്യോപവ്യാഖ്യാനംഭൂതംഭവത് ഭവിഷ്യദിതി സർവമോങ്കാര ഏവ യച്ചാന്യത് ത്രികാലാതീതംതദപ്യോങ്കാര ഏവ സർവം ഹ്യേതത് ബ്രഹ്മ, എന്നു് ശ്രുതി നിസ്സങ്കോചം കാട്ടിതരുന്നതു്.

ഇവിടെ നാമറിയേണ്ടതു് അതിവിപുലമായ ജഗത്തു മുഴുവനായും മാത്രമല്ല അതിബൃഹത്തായ ബ്രഹ്മവും ഓങ്കാ

രാൽ ചിമിഴിൽ രത്നമെന്നപോലെ സൂക്ഷിച്ച സൂചിത മായി കാട്ടിതരുന്നുണ്ട്.

ഇപ്പോഠം ജഗത്വസ്തു വിസ്തീർണ്ണവും അതിബൃഹത്തായ ബ്രഹ്മവും സുന്ദരമായി ഓങ്കാരധ്വനി ഉഠംകൊള്ളും പോലെ ലോകേ മററു ചില അതിശയ അറിവുകഠം ശ്രുതി അരുളുന്നുണ്ട്.

ഒന്നു് ബ്രഹ്മംതൻെറ ഈക്ഷണമാത്രയിൽ ലോകമാവിർഭവിച്ച എന്നു മാത്രമല്ല സകലയുഗങ്ങളും ഉണ്ടായിലയിക്കുന്നതും ആ നിമിഷം കൊണ്ടു് സാദ്ധ്യമാണെന്നാണു്. ഇവിടെ മാത്രമേ താനെങ്ങനെ ഇവിടെ ഇങ്ങനെ വന്നു പററിയെന്നതിനു സമാധാനം കിട്ടൂ. യാതൊരു നിമിഷത്തിലാണോ ബോധോദയമുണ്ടാകുന്നതു് ആ നിമിഷത്തിൽ തന്നെ അനന്തകാല വിസ്തൃതിയാന്നിരുന്ന ജഗത്തു മുഴവൻ കാലത്തോടുകൂടി തിരോധാനം ചെയ്യുമെന്നു് ബോധ്യം വരും. ഈ അവസ്ഥയിൽ സ്വാത്മാവു് അദ്വയനെന്നു വെളിപ്പെടും. ഇവിടെ 'യത്സാക്ഷാത്കുരുതേ പ്രബോധസമയേ സ്വാത്മാന ഏവാ ദ്വയം' എന്നു് അരുഠംപ്പെടും. ഏതുപോലെ ആണോ ഞാൻ ജനിച്ചിട്ടില്ല തനിക്കൊന്നും സംഭവിച്ചിട്ടില്ലഎന്നുംമററും പ്രബോധസമയത്തിൽവെളിവാകുന്നതു്, അതുപോലെ തന്നെ ഭാവികാലവും ലോകവും അസ്തത്തെ പ്രാപിച്ചിരിക്കുന്നതുമറിയും. ഇതുകൊണ്ടാണു് യുഗാന്തരങ്ങഠം എല്ലാം പ്രബോധസമയത്തു് ഇല്ലാത്തതായറിയുന്നതും മായാപ്രകൃതി അസ്തമിക്കുന്നതനുഭവപ്പെടുന്നതും. ഇവിടെ ഒരേ ഒരു നിമിഷം മനുഷ്യൻ ഉണ്ടായതായിട്ടോ ലോകമുണ്ടായതായിട്ടോ അറിഞ്ഞാൽ അതേനിമിഷംതന്നെ ഇതുണ്ടായില്ലെന്നും ഒന്നും സംഭവിച്ചിട്ടില്ലെന്നു മറിയുന്നതും എന്തെന്നാൽ സ്ഥലകാലങ്ങഠം ഇല്ലാത്തതാണെന്നു വേദാന്തസമ്മതമുണ്ടു്. ഇങ്ങനെ ഒരു പ്രത്യേകതരം

മായാ പ്രകൃതി ഇവിടെ കാണപ്പെടുന്നതായിട്ടറിവുപെട്ടുന്നുണ്ട്.

ഇതുപോലെ മറ്റൊരുവിശേഷധർമ്മം ശ്രുതി തരുന്നുണ്ട്.

'തദേജതി തന്നൈജതി
തദ്ദൂരേ തദ്വന്തികേ
തദന്തരസ്യ സർവസ്യ
തദു സർവസ്യാസ്യ ബാഹ്യതഃ

തത്—അതു് ചലിക്കുന്നു ആ തത്തുതന്നെ ചലിക്കുന്നുമില്ല. അതു്—ദൂരെയാണു്—അതടുത്തുമാണു്, ആ അതു് ഇതിന്റെഎല്ലാമുള്ളിലുണ്ട്. അതു് പുറമേയുമുണ്ട്. ഇങ്ങനെ വിപരീതധർമ്മങ്ങളുടെ സംയോഗം കണ്ടെത്തും.

അതുപോലെ മറ്റൊന്നുകൂടി ഇവിടെ കാട്ടാം. അതു് ബ്രഹ്മത്തിൽ കണ്ടെത്തുന്ന അല്ലെങ്കിൽ ശ്രുതി വിവരിച്ചു കാട്ടുന്ന വിപരീത ധർമ്മസംയോഗമാണു്.

'അനേജദേകം മനസോ ജവീയോ
നൈനദ്ദേവാ ആപ്നുവൻപൂർവമർഷത്
തദ്ധാവതോഽന്യാനത്യേതിതിഷ്ഠത്
തസ്മിന്നപോ മാ തരിശ്വാദധാതി.'

ഈ തത് ചലിക്കാത്തതും, ഏകമായുള്ളതും, മനസ്സിനേക്കാടം കൂടുതൽ വേഗതയുള്ളതും ആകുന്നു. ഈ തത് സൂചിത തത്വത്തെ പ്രകാശിപ്പിക്കൽ തൊഴിലായ ദേവസമൂഹങ്ങൾ ഇന്ദ്രിയക്കൂട്ടങ്ങൾക്കു പ്രകാശിപ്പിക്കാൻ സാധിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ ആ ഊർജ്ജം അതിനുംമുമ്പേ പോകുന്നതാണു്. ആ ബ്രഹ്മമാകട്ടെ നിലക്കുനിന്നുകൊണ്ടുതന്നെ വേഗ ഗമനം ചെയ്യുന്ന മററുള്ളവയെ കടന്നുപോകുന്നു.

ഇവിടെ മാതരിശ്വാ പ്രാണികളുടെ കർമ്മങ്ങൾക്ക് നിദാനത്തെ ചെയ്യുന്നു.

ഇങ്ങനെ വിപരീതധർമ്മസംയോഗം ആത്മാവിലുണ്ടാകുന്നുണ്ട് എന്നല്ല സ്ഥിരമായി നില്ക്കുന്നുണ്ട്.

ഇനിയും മറെറാന്നിലേയ്ക്കുകടക്കാം
ആത്മബോധോഃ ഛാന്ദോഗ്യേ 3-ാം അദ്ധ്യായം 3-ാം ശ്ലോകം

'യാവാൻ വാ അയമാകാശസ്താവാ
നേഷോ അന്തർഹൃദയാകാശഃ, ഉഭേ
അസ്മിൻദ്യാവാ പൃഥിവീഅന്തരേവാ
സമാഹിതേ, ഉഭാവഗ്നിശ്ചവായുശ്ച
സൂര്യാചന്ദ്രമസാവുഭൗ വിദ്യുന്നക്ഷത്രാണി
യച്ചാസ്യേ ഹാസ്തിയച്ചനാസ്തിസർവം
തദസ്മിൻ സമാഹിതമിതി.'

ഇതിൻെറ സാരം ശ്രദ്ധിക്കേണ്ടതാണ്. ഈ ആകാശമെത്ര ത്തോളമുണ്ടോ അത്രത്തോളംതന്നെയുള്ളതാണ് ഈ ഹൃദയാന്തർഭാഗത്തിലുള്ള ആകാശവും. ഭൂമിയും അന്തരീക്ഷവും ഈ ദേഹിക്ക് ലോകേയുള്ള സർവവസ്തുക്കളും, അഗ്നിയും, വായുവും സൂര്യനും ചന്ദ്രനും വിദ്യുത്തും നക്ഷത്രജാലങ്ങളും, ഈ ദേഹിക്ക് ഈ ലോകത്തിലെന്തെല്ലാമുണ്ടോ അതു മുഴുവനും ഏതില്ലയോ അതും, എല്ലാമീഹൃദയാന്തർഭാഗത്തുള്ള ഹൃദയാകാശത്തിൽ സ്ഥിതിചെയ്യുന്നു.

ഇത്രയൊക്കെ പറഞ്ഞ നാം വന്നുനിന്നതു്. ഉഗ്രതീവ്ര സമാധികളിൽ സാധിക്കുവാൻ പ്രയാസമുള്ളവയിലൊന്നു് ഓങ്കാരത്തിൽ സർവപ്രപഞ്ചവും ബ്രഹ്മവും ഉൾകൊണ്ടിരിക്കുന്നു എന്നനുഭവിച്ചറിയലാണ്.

രണ്ടാമത്തേതു് ഹൃദയാകാശത്തിൽ ഓങ്കാരത്തിൽ പറ

ഞ്ഞതുപോലെ എല്ലാം കാലദേശങ്ങളുംപ്പെടെ, ഈ ഹൃദയാകാശത്തിലുണ്ടെന്നു് അനുഭവിച്ചറിയലത്രെ.

മൂന്നാമത്തേതു് ഈക്ഷതേർ ന ശബ്ദയിലെ ശബ്ദമില്ലായിടം കണ്ടെത്തലാണു് ഈ സമാധികൾ ജ്ഞാനികൾക്ക സുസമ്മതമായതാണു്.

ഇതിനും രണ്ടു വിധമുണ്ടു്. ഒന്നു താൻ ഈവിധം കണ്ടുകൊണ്ടിരിക്കലാണു്. മറേറതു് താനായി തന്നെ ഇരിക്കലാണു്. ഇവിടെ എത്തുമ്പോൾ ഇവ തിരിച്ചറിയും. കണ്ടുകൊണ്ടിരുന്നാൽ പോരാ താനായ്തന്നെ ഇരിക്കണം. ചെറുതും വലുതുമായ വ്യത്യാസങ്ങൾ ഇതിൽ പററിപ്പിടിച്ചു നിൽപ്പുണ്ടു്.

ഇനിയും മറെറാരിടം കാണാം. ഈ ജഗത്തിന്റെ നിമ്മാണം ഈ ക്ഷണമാത്രയിലാണു്. ദേശമില്ലാനേരത്തു് കാലമില്ലാദേശത്തു് — ഉള്ളതായ് കണ്ടു മായയെ. ഉള്ളതായ് തോന്നി മായയെ. വിദ്യാദേവി വിവരിപ്പിതുമായ 'ബ്രഹ്മത്തിൻ ശക്തിയാണിതു മായ. ഇപ്പോൾ സൃഷ്ടി അതാരംഭിച്ചു. നിമ്മാണം സങ്കല്പകരുവിനാൽ.

ജഗത്തങ്ങനൊന്നു് സൃഷ്ടിസന്തതിയായ്തീൻ. താനായിരിക്കുമിടത്തിൽതാൻ ബോധവാനാണു്. ബ്രഹ്മം സത്യമതാകയാൽ, വിശ്വവിലക്ഷണമായ സത്യ ബ്രഹ്മം അനുത്പന്നത്തെ ചെയ്യും അതായതു് ഉത്പന്നത്തെ തടയും. ഇവിടെ ആ നിമിഷത്തിൽ തന്നെ ജഗത്തസ്ഥമിക്കും. അനുത്പന്നമിദം ജഗത് സത്യമാകും. എന്നുപറഞ്ഞാൽ സത്യബോധാനന്ദാവസ്ഥയും, അവിദ്യാമായയുടെ വിഭ്രാന്തിയുമാണു് ഇവിടെ നിമിഷപ്രവത്തിതം. ഒന്നുസത്യം ബ്രഹ്മം സത്യം. ജഗത്തു് മിഥ്യ അതുസങ്കല്പമാത്രൻ. സങ്കല്പമാത്രനായ ജഗത്തു് നിമിഷസങ്കല്പനമാണു്. ഇതൊരു

യഥാവസ്ഥാ. ഇവിടെ കൊണ്ടു് ജീവിജന്മം കാണുന്നു. ലോകം അവനെത്തുപെടുന്നു.

ജീവിജന്മമെടുക്കുന്നതു് മായാവൈഭവാലാണു്, മായ ബ്രഹ്മത്തിന്റെ വൈഭവമാണു്. നിമിഷം സമയരഹിതമാണു്, നിമിഷം സമയരഹിതമാകുംപോലെ ബിന്ദു ദേശരഹിതവുമാണു്. സമയരഹിതമായ നിമിഷവും ദേശരഹിതമായ ബിന്ദുവും.സർവകാലകാലവും സർവദേശദേശവും, ഏകമായ ബ്രഹ്മത്തിൽ കാണാം.

അതുകൊണ്ടു് കുഞ്ഞായ് ജനിച്ചു തോന്നലും, സർവ തന്ത്ര സ്വതന്ത്രനും ഒരു സമയം തന്നെ കണ്ടെത്തുക സാദ്ധ്യമത്രേ. എന്നാൽ മായാവൈഭവാൽ ക്ഷീണം എന്തുപെട്ടെന്നു വരാം.

ചില ഉദാഹരണങ്ങൾ ഞാൻ വിവരിക്കട്ടെ.

കുഞ്ഞായി ഗർഭപാത്രസ്ഥനായ ശ്രീ അഭിമന്യു തന്റെ പിതാവിനു് ശ്രീകൃഷ്ണഭഗവാൻ ബ്രഹ്മാസ്ത്രപ്രയോഗം പറഞ്ഞുകൊടുക്കുന്നതു കേട്ടു് ഏററുമൂളി മനസിലായ അംഗീകാരം കാട്ടിയതു് പുരാണപ്രസിദ്ധമാണെല്ലോ. ജനിച്ചില്ല—ജനിക്കാൻ പോകുന്നതേ ഉള്ളൂ. പിറന്നില്ല പഠിച്ചില്ല എങ്കിലും ആത്മവൈഭവാൽ അറിയാൻ സാധിച്ചു. ഇങ്ങനെ അവ്യക്തതയോ അഭ്യാസശൂന്യതയോ ഉത്പന്നമതികളായവർക്കു് ഈ മണ്ഡലൊന്നും ബാദ്ധ്യമല്ല, പൂർണ്ണത്വം പ്രസരിക്കയാൽ.

ആയപോലെ ശുകവചനത്തിൽ—ഞാൻ മുമ്പിനാലേ അറിഞ്ഞിരുന്നതും, അച്ഛൻ പറഞ്ഞുതന്നിരുന്നതും, അങ്ങു പഠിപ്പിച്ചതും എല്ലാമൊന്നു തന്നെ എന്നു് ഞാനറിയുന്നു എന്നു് ഗുരുവായ ജനകനോടു പറയുന്നതും നാമെല്ലാമറിഞ്ഞിട്ടുള്ള പുരാണകഥനങ്ങളാണെല്ലോ.

അതുപോലെ വൈശിഷ്ട്യമാർന്നതാണ് ദൃഷ്ടനം ധീരോ ദാത്തനമായ ഹിരണ്യകശിപുവിന്റെ പുത്രനായ പ്രഹ്ലാദ ചരിതവും, പ്രഹ്ലാദൻ ഗർഭത്തിൽ കിടക്കുമ്പോൾ നാരദോ പദേശം മനസ്സിലാക്കി സർവജ്ഞനായവതരിച്ച കഥയും.

ഇവകൾ പറഞ്ഞതു് ജനിക്കുമ്പോൾതന്നെ ആത്മ ചൈതന്യം കണ്ടെത്താൻ കഴിയുമെന്നും അതിനു് വളരു കയും പഠിക്കുകയും സാധനാചതുഷ്ടയവുമൊന്നുതന്നെ അത്യ ന്താപേക്ഷിതമല്ലെന്നാണ്.

മരിക്കുമ്പോൾ യാതൊരു സങ്കല്പാവശിഷ്ടനായിരി ക്കുമോ അതനുസരിച്ച ജനിക്കും. ജഡഭരതൻകഥ.

ആത്മാവിനു് ജീവനുമായി വലിയ ബന്ധമൊന്നുമി ല്ലെന്നു തന്നെ പറയാം. എങ്ങും നിറഞ്ഞ ആത്മാവിന്റെ അവിദ്യയിലെ പ്രതിബിംബമാണു് ജീവൻ. മായയിലെ പ്രതിബിംബം ഈശ്വരനും. പ്രതിബിംബദർപ്പണം മാററിയാലും ആത്മാ അവശേഷിക്കും, പ്രതിബിംബം തിരോധാനം ചെയ്യും. ആത്മാ എങ്ങും നിറവുററതാക യാൽ പോക്കുവരവിന്റെ ആവശ്യം വന്നുചേരുന്നില്ല. അതു് താൻ തന്നെ ആണ്. ഇ പ്രകാരേണയുള്ള ആത്മാ യഥാർത്ഥത്തിൽ ജനിച്ചെന്നു തോന്നിയ മാത്രയിൽ തന്നെ ജനിച്ചിട്ടില്ലെന്നതുമറിയും. എങ്ങനെ എന്നാൽ നിദ്രയിൽ താനൊന്നുമറിഞ്ഞില്ലെന്നു പറയും മാത്രയിൽ പോലും താൻസുഖമായുറങ്ങിയതറിയും, ഓക്കും, എല്ലാമാവും. ഇതു് നിദ്രാമുഖ വൈശിഷ്ട്യമാണ്, അതുപോൽ തുരീയ ജാതൻ ഇതെല്ലാമറിയും. അവനു് മായാമങ്ങലേല്ക്കുകയില്ല. ആക കൊണ്ടു് ബ്രഹ്മമായറിഞ്ഞു നില്ക്കും പിറവി എല്ലാമറിയും, ഉടൻ പിറവി, സദ്യോജാതൻ മുതലായ നാമങ്ങൾ വളരെ വിരളമായി പറഞ്ഞു കേൾക്കാറുണ്ടു്, സദ്യോമുക്തനെ

ന്നതും കരുതി വ്യാഖ്യാനിക്കേണ്ടതാണ്. ഉടൻ തന്നെ മുക്തൻ ജനനാൽ തന്നെ മുക്തൻ എന്നു വ്യാഖ്യാനിക്കണം. അതായത് ജന്മനാ മുക്തൻ. അവതാരങ്ങളിൽ പലതുമങ്ങ നെയാണ്, എന്നാൽ ശ്രീവാമനാവതാരം ഒരത്ഭുതപ്രതിഭാസമാണ്, ചിങ്ങമാസത്തിലെ തിരുവോണ ദിവസം നട്ടുച്ചയ്ക്കുള്ള അഭിജിത് മുഹൂർത്തത്തിൽ ജനിച്ച്, ജനിച്ചപ്പോൾ തന്നെ വളർന്ന് അപ്പോൾ തന്നെ കാര്യനിർവഹണാർത്ഥം വാനം മുട്ടി വളർന്ന് ജഗത്താകെ രണ്ടടിയായളന്ന് സർവവും ഉൾക്കൊള്ളും ശിരോഹൃദയാകാശവുമളന്നെടുത്തു ലോകം ജയിച്ചുനിന്ന വാമനനെ മുൻനിറുത്തിയാണ് കേരളീയർ തങ്ങളുടെ ദിവ്യദിനം ചിങ്ങമാസ തിരുവോണമാക്കി നട്ടുച്ചയ്ക്ക് ഭക്ഷണം ശ്രേഷ്ഠഭക്ഷണമാക്കി ചെയ്തു അതിനെ ഈശ്വരാർത്ഥം അനുഭവിക്കുന്നതു്.

അതുപോലെ ശ്രീരാമചന്ദ്രനും അത്ഭുത പുരുഷനായാണു കാണപ്പെടുന്നതു്.

ഭഗവാൻ പരമാത്മാ മുകുന്ദൻ നാരായണൻ
ജഗദീശ്വരൻ ജന്മരഹിതൻ പത്മേക്ഷണൻ
ഭുവനേശ്വരൻ വിഷ്ണുതന്നുടെ ചിഹ്നത്തോടു
മവതാരം ചെയ്തപ്പോൾ കാണായി കൗസല്യയ്ക്കും
സഹസ്രകാരണന്മാരൊരുമിച്ചൊരുനേരം
സഹസ്രായുതമുദിച്ചുയരുന്നതുപോലെ
സഹസ്രപത്രോത്ഭവനാരദസനകാദി
സഹസ്രനേത്രമുഖവിബുധേന്ദ്രന്മാരാലും
വന്ദ്യമായിരിപ്പോരുനിർമ്മലമകുടവും
സുന്ദരചികുരവുമളകസുഷമയും
കാരുണ്യാമൃതരസസംപൂർണ്ണനയനവു
മാരുണ്യാംബരപരിശോഭിതജഘനവും

ശംഖചക്രാബ്ജഗദാശോഭിതഭുജങ്ങളും
ശംഖസന്നിഭഗളരാജിതകൗസ്തുഭവും
ഭക്തവാത്സല്യം ഭക്തന്മാക്കുകണ്ടറിവാനായ്
വ്യക്തമായിരിപ്പോരുപാവനശ്രീവത്സവും
കുണ്ഡലമുക്താഹാരകാഞ്ചിനൂപുരമുഖ
മണ്ഡനങ്ങളുമിന്ദുമണ്ഡലവദനവും

പണ്ടുലോകങ്ങളെല്ലാമളന്നപാദാബ്ജവും സുവ്യക്തം കാട്ടിയാണ് ഭൂലോകജാതനായത്. ഇവിടെ സ്വമാതാവും അതുകാണുന്നുണ്ട്. അപ്പോഠം ബ്രഹ്മസമാനനായ പരമാത്മാവായ ശ്രീരാമചന്ദ്രനും, അതുപോലെതന്നെ ശ്രീകൃഷ്ണ ഭഗവാനും അവതരിക്കുന്ന വിവരണമുണ്ട്.

''ലോകൈകനാഥന്റെ ശുഭാവതാരേ
ലോകങ്ങളെല്ലാമുടനെതെളിഞ്ഞു
മാകന്ദമന്ദാരസുഗന്ധവാഹീ
മാഴ്കാതവണ്ണംവിലസീസമീരൻ
പ്രസന്നരായീസുജനങ്ങളെല്ലാം
പ്രസൂനവർഷംഗഗനേത്തുടങ്ങി
പ്രസൂതികാലേമുരവൈരിതന്റെ
പ്രസൂജനം പൂർണ്ണസുഖേനമേവീ
കിരീടസൽകുണ്ഡലഹാരമാലാ
പരീതനാം പീതദുകൂലധാരീ
കരങ്ങളിൽ ശംഖഗദാരിപത്മം
ധരിച്ചദേവൻവിവിധംവിളങ്ങീ''

വിഷ്ണുചിഹ്നങ്ങളെല്ലാമൊത്തഖിലേശൻതാനും
കൃഷ്ണനായവതീർണ്ണനായതുകാലം
ഋക്ഷേശൻകലാപരിപൂർണ്ണനായുദിച്ചുടൻ
ഒക്കവേ ജഗൽപ്രശോഭവർഷിച്ചീടുവണ്ണം

പക്ഷീന്ദ്രധ്വജനുടെ ലക്ഷണപ്രഭയാലേ
തൽക്ഷണംശോഭിച്ചിതുസൂതികാലയംതുലോം

തൃക്കഴൽ ചവുട്ടടയാളങ്ങളെല്ലാടവും
ചക്രശംഖാബ്ജമത്സ്യകുലിശാദ്യലംകൃതം
ദൃഷ്ടമായ് ചമകയാൽ ഇത്രിലോകികാംമഹാ
ഭിഷ്ടവാന്മാരായ്വന്നാരിഷ്ടലാഭത്താലെങ്ങും

ഇപ്രകാരം വിവരിക്കപ്പെട്ടമാറാണനുഭവപ്പെടുന്നതു്. ഇതുകൊണ്ടു് ഞാൻ അറിയിക്കുന്നതു് മഹത്ജനനത്തിൽ ജനനാൽതന്നെ ബ്രഹ്മഭാവമറികയും മായാഭ്രാന്തിപരിഹൃതമാകയും ചെയ്യുമെന്നാണു്. ആകകൊണ്ടു് ഉത്തമൻ ജനിച്ചാലും മുക്തനാണു്. അവനു് മായാജാലത്തിൽവന്നുവീണുപോയ ഭാവമല്ലാ, മായാജാലം തന്റെ പ്രകാശപ്രഭാവമാണെന്ന ഭാവമാണു്. ഇങ്ങനെ സുവ്യക്തം ചരിതങ്ങൾ വേണ്ടുവോളമിരിക്കെ നാമെന്തിനു ഭയക്കണം ''നായമാത്മാബലഹീനേനലഭ്യ''

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്ത സരണി
ബാല ശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദ വേദാന്ത സമന്വയം
ആത്മ സുധ
വേദാന്ത വിഹായസ്
ശ്രീധര വചനാമൃതം—ഭാഗം 1
ശ്രീധര വചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരന്റെ ബോധാവലോകനം
ശ്രീധരന്റെ വേദാന്ത ദർശനം
ശ്രീധരന്റെ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ

## മററു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം
ഉത്തര ഗീത
അവധൂത ഗീത
ശ്രീ ഗോപാലഗീത
വേദാന്ത സാരം
രാമഗോപാലം
ശ്രീധരം